بسم الله الرحمن الرحيم

2009, ഖുത്ബ്ബ നമ്പര്‍- 26

25.06.2010

ജര്‍മനി

# ലാഹോര്‍ ശുഹദാക്കളുടെ ത്യാഗോജ്ജ്വലമായ ജീവിതമാതൃകകള്‍-3

ഇന്ന് അല്ലാഹുവിന്റെ അനുഗ്രഹത്താല്‍ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ജര്‍മനിയുടെ വാര്‍ഷിക സമ്മേളനം എന്റെ ഈ ഖുത്വുബയോടു കൂടി ആരംഭിക്കുകയാണ്. അല്ലാഹു ഈ ജല്‍സയെ എല്ലാ നിലയിലും അനുഗ്രഹീതപൂര്‍ണ്ണമാക്കുമാറാകട്ടെ. ഈ ജല്‍സയുടെ എല്ലാ നിലയിലുള്ള അനുഗ്രഹങ്ങളും നമ്മുടെ ഈമാന്ന് ഉണര്‍വ് നല്‍കുന്നതും ഒരു പുതിയ ആവേശം നല്‍കുന്നതുമായി മാറട്ടെ. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ജല്‍സാ സാലാനയ്ക്ക് രൂപം നല്‍കിക്കൊണ്ട് ഏതൊരു ഉദ്ദേശ്യലക്ഷ്യമാണോ നമ്മുടെ മുമ്പില്‍ വെച്ചിട്ടുള്ളത് അത് എപ്പോഴും നാം മുന്നില്‍ കാണേണ്ടതാണ്. ആ ഉദ്ദേശ്യലക്ഷ്യങ്ങളെന്താണ്. ബൈഅത്തിന്റെ യഥാര്‍ത്ഥ ഉദ്ദേശ്യത്തെ മനസ്സിലാക്കി സത്യ വിശ്വാസത്തില്‍ പുരോഗതി പ്രാപിക്കുക. അല്ലാഹുവിനോടും റസൂല്‍ തിരുമേനി صلى الله عليه وسلم യോടുമുള്ള സ്നേഹം എല്ലാ ഭൗതിക സ്നേഹത്തേക്കാളും വര്‍ദ്ധിപ്പിക്കുക, നന്മയില്‍ പുരോഗതി പ്രാപിച്ചു കൊണ്ട് മുന്നോട്ട് ഗമിക്കുക, വിജ്ഞാനപരവും ശിക്ഷണപരവും ആത്മീയപരവുമായ പ്രസംഗങ്ങള്‍ കേട്ടുകൊണ്ട് അറിവിലും ദൈവികജ്ഞാനത്തിലും പുരോഗതി പ്രാപിക്കുക. പരസ്പരം സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും ബന്ധം പുലര്‍ത്തിക്കൊണ്ട് അതില്‍ വര്‍ദ്ധനവുണ്ടാക്കുക, ഒരു വര്‍ഷത്തിനിടയില്‍ ബൈഅത്തിന്റെ നിബന്ധന പൂര്‍ത്തിയാക്കിക്കൊണ്ട് നമ്മളില്‍ നിന്ന് വിട്ട് പിരിഞ്ഞ സഹോദരി സഹോദരന്മാര്‍ക്ക് വേണ്ടി ദുആ ചെയ്യുക. ഇതൊക്കെയാണ് ആ ഉദ്ദേശ്യലക്ഷ്യങ്ങള്‍.

ചുരുക്കത്തില്‍ ഈ മൂന്ന് ദിവസവും ഈ ഉദ്ദേശ്യലക്ഷ്യങ്ങളെ മുന്നില്‍ കാണേണ്ടതാണ്. അപ്പോള്‍ മാത്രമേ നാം ഈ ജല്‍സയുടെ അനുഗ്രഹങ്ങള്‍ കരസ്ഥമാക്കുന്നവരായി മാറുകയുള്ളൂ. ഇതോടൊപ്പം തന്നെ മറ്റൊരു കാര്യവും ഞാന്‍ പറയാന്‍ ആഗ്രഹിക്കുന്നത്, ഈ മൂന്ന് ദിവസങ്ങളിലും തങ്ങളില്‍ ഒരു പരിവര്‍ത്തനം വരുത്താന്‍ വേണ്ടി പ്രത്യേകം ശ്രമിക്കുക, ദുആ ചെയ്യുക, സ്വന്തത്തിന് ദുആ ചെയ്യുന്നതോടൊപ്പം ലോകത്തുള്ള അഹ്മദികളെ അല്ലാഹു അവന്റെ പ്രത്യേക സംരക്ഷണത്തില്‍ വെക്കുമാറാകട്ടെ എന്നും ദുആ ചെയ്യുക. പ്രത്യേകിച്ച് പാക്കിസ്ഥാനിലെ അഹ്മദികള്‍ക്ക് വേണ്ടി ധാരാളം ദുആ ചെയ്യുക. പാക്കിസ്ഥാനില്‍ ഈ അടുത്ത കാലത്ത് അവസ്ഥകള്‍ മോശമാക്കാന്‍ വേണ്ടി അങ്ങേയറ്റം പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ശത്രുക്കള്‍ക്ക് പൂര്‍ണ്ണ സ്വാതന്ത്ര്യമാണ് നല്‍കിക്കൊണ്ടിരിക്കുന്നത്. അല്ലാഹുതആല പാക്കിസ്ഥാനിലെ എല്ലാ അഹ്മദികള്‍ക്കും സ്ഥിരചിത്തത നല്‍കുകയും അവരുടെ ഈമാന്‍ ദൃഢീകരിക്കുകയും ചെയ്യുമാറാകട്ടെ. അവരെ എല്ലാ ബുദ്ധിമുട്ടുകളില്‍ നിന്നും രക്ഷപ്പെടുത്തുമാറാകട്ടെ. അവരുടെ ത്യാഗങ്ങള്‍ സ്വീകരിച്ചുകൊണ്ട് അമാനുഷികമായ നിലയിലുള്ള ദൃഷ്ടാന്തങ്ങള്‍ കാണിക്കുമാറാകട്ടെ.

ഇന്നത്തെ ഖുത്വുബയുടെ യഥാര്‍ത്ഥ വിഷയത്തിലേക്ക് വരുന്നതിനുമുമ്പ് ജല്‍സയുമായി ബന്ധപ്പെട്ട ചില കാര്യങ്ങള്‍ ഞാന്‍ പറയാന്‍ ആഗ്രഹിക്കുന്നു. ജല്‍സാ സാലാന നടത്തുന്നതിനു വേണ്ടി നിങ്ങള്‍ അറിയുന്നതുപോലെ പല വകുപ്പുകളും നിലവില്‍ വരും. ഓരോ വകുപ്പുകളുടേയും ഓഫീസറും കീഴുദ്യോഗസ്ഥരും ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ അതിഥികള്‍ക്ക് സേവനം ചെയ്യുന്നതിനുവേണ്ടി തങ്ങളെ സമര്‍പ്പിക്കുന്നു. ഒരു ലാഭേച്ഛയുമില്ലാതെ അവര്‍ അല്ലാഹുവിനുവേണ്ടി സേവനം ചെയ്യുന്നു. അവരില്‍ എല്ലാ വിഭാഗക്കാരും ഉള്‍പ്പെടുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താല്‍ എല്ലാവരും അവരവരുടെ ഉത്തരവാദിത്ത്വങ്ങള്‍ പരിപൂര്‍ണ്ണമായ നിലയില്‍ നിര്‍വ്വഹിക്കുന്നു. ജല്‍സയില്‍ പങ്കെടുക്കുന്ന എല്ലാ അതിഥികളും ഇവരോട് പൂര്‍ണ്ണമായും സഹകരിക്കുക.

ജല്‍സ നല്ല നിലയില്‍ നടത്തുന്നതിനായി ചില നിയമങ്ങള്‍ ഉണ്ടാക്കുന്നു. അത് കൊണ്ട് ഏതെങ്കിലുമൊരു ഉദ്യോഗസ്ഥന്‍ അതിഥികളോട് പറയുന്ന കാര്യം പ്രാവര്‍ത്തികമാക്കാന്‍ ശ്രമിക്കേണ്ടതാണ്. ഒരിക്കലും വെറുപ്പ് പ്രകടിപ്പിക്കരുത്. ഉദ്യോഗസ്ഥന്മാരോട് നല്ല നിലയില്‍ പെരുമാറേണ്ടതാണ്. രണ്ടാമത് ഞാന്‍ പറയാന്‍ ഉദ്ദേശിക്കുന്ന കാര്യം പ്രത്യേകിച്ച് അതിഥികളോട് പറയാനുള്ളത്, നിങ്ങള്‍ നിങ്ങളുടെ ചുറ്റുപാടിലും ശ്രദ്ധിച്ചുകൊണ്ടിരിക്കുക എന്നുള്ളതാണ്. സെക്യൂരിറ്റി വ്യവസ്ഥകള്‍ ഉണ്ടായിരുന്നാല്‍ പോലും കുഴപ്പക്കാര്‍ കുഴപ്പമുണ്ടാക്കാന്‍ ശ്രമിക്കുന്നു. പ്രത്യേകിച്ച് ഈ കാലത്ത് ശത്രുക്കള്‍ ജമാഅത്തിന് നഷ്ടം ഏല്‍പ്പിക്കാന്‍ വേണ്ടി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ജല്‍സയില്‍ എല്ലാ നിലയിലുള്ള സെക്യൂരിറ്റി ഉണ്ടായാല്‍ പോലും ചില വഞ്ചനാപരമായ നിലയില്‍ അവര്‍ അകത്തേക്ക് കയറാന്‍ ശ്രമിക്കുന്നു. സെക്യൂരിറ്റിയുടെ പരിപൂര്‍ണ്ണമായ സംവിധാനമുണ്ട്, അതുകൊണ്ട് സെക്യൂരിറ്റിക്കാരോട് പരിപൂര്‍ണ്ണമായ നിലയില്‍ സഹകരിക്കുക. 10 പ്രാവശ്യം നിങ്ങളെ ചെക്ക് ചെയ്യേണ്ടതായി വന്നാലും അതിന് നിങ്ങള്‍ തയ്യാറാകുക. ഇത് നിങ്ങളെ സംശയിക്കുന്നതുകൊണ്ടല്ല. മറിച്ച് നിങ്ങളുടെ സംരക്ഷണത്തിനു വേണ്ടിയാണ്. ഇത് ഒരു വിധത്തിലുമുള്ള പ്രശ്നത്തിന് കാരണമാക്കരുത്. ആരുടേയെങ്കിലും കൂടെ ജമാഅത്തില്‍ പെടാത്ത അതിഥികള്‍ വരുന്നുണ്ടെങ്കില്‍ സംഘാടകരുടെ പരിപൂര്‍ണ്ണ അനുവാദത്തോടുകൂടി മാത്രമെ അവര്‍ക്ക് ജല്‍സയില്‍ പങ്കെടുക്കാന്‍ സാധിക്കുകയുള്ളൂ. അല്ലെങ്കില്‍ സംഘാടകര്‍ ഏത് രീതിയാണോ അവലംബിച്ചിട്ടുള്ളത് അതിലൂടെ കടന്നുപോകേണ്ടതായിട്ടും വരും. എല്ലാവരേയും അല്ലാഹു തന്റെ സംരക്ഷണത്തില്‍ വെക്കുമാറാകട്ടെ. കഴിവിന്റെ പരമാവധി ജല്‍സയില്‍ നിന്ന് ഫലമെടുക്കാനുള്ള തൗഫീഖ് നല്‍കുമാറാകട്ടെ.

ഇനി ഞാന്‍ ഖുത്വുബയുടെ വിഷയത്തിലേക്ക് വരുന്നു. ഇന്നത്തെ ഖുത്വുബയിലും ലാഹോറില്‍ വെച്ച് ശഹീദായവരെ അനുസ്മരിക്കുന്നതാണ്. അവര്‍ ശഹീദായിക്കൊണ്ട് നമുക്കായി പുതിയ മാര്‍ഗ്ഗങ്ങള്‍ തുറന്നുതന്നിരിക്കുന്നു.

ഇന്നത്തെ ലിസ്റ്റില്‍ ആദ്യത്തെ പേര് ഖലീല്‍ അഹ്മദ് സാഹിബ് സുലങ്കി എന്നാണ്. ഇദ്ദേഹം നസീര്‍ അഹ്മദ് സാഹിബ് സുലങ്കിയുടെ മകനായിരുന്നു. ഈ ക്രമം ഒരു

പ്രത്യേക കാരണത്തെ മുൻനിർത്തിക്കൊണ്ടല്ല പറയുന്നത്. എന്റെ മുന്നിൽ വരുന്ന ക്രമമനുസരിച്ച് ഞാൻ കേൾപ്പിക്കുകയാണ്. ഖലീൽ അഹ്മദ് സാഹിബ് സുലങ്കിയുടെ പൂർവ്വ പിതാക്കന്മാർ ഖാദിയാന്റെ അടുത്ത് ഘര എന്ന ഗ്രാമവുമായി ബന്ധപ്പെട്ടവരാണ്. ഇദ്ദേഹത്തിന്റെ പിതാമഹൻ മാസ്റ്റർ മുഹമ്മദ് ബഖ്ശ് സുലങ്കി സാഹിബ് (റ),ഹദ്റത്ത് മസീഹ് മൗഊദ് ﷺ ന്റെ സഹാബിയിരുന്നു. അബ്ദുൽ ഖാദർ സുദാകർ മൗലവി സാഹിബ് ഇദ്ദേഹത്തിന്റ ബന്ധുക്കളിൽ പെട്ട ആളാണ്. വിഭജനത്തിനു ശേഷം ഇവർ ഗുജറൻവാലയിലേക്ക് ഷിഫ്റ്റ് ആയി. ശഹീദ് മർഹൂം എൻഞ്ചിനിയറിംഗ് കോളേജ് ലാഹോറിൽ നിന്ന് ഇലക്ട്രിക്കൽ എൻഞ്ചിനിയറിംഗ് എടുത്തതിനുശേഷം വാപ്ടയിൽ 5 വർഷം ജോലി ചെയ്തു. പിന്നീട് തന്റെ പിതാവുമായി ചേർന്നുകൊണ്ട് ബിസിനസ്സ് ചെയ്യുകയുണ്ടായി. പിതാവിന്റെ വഫാത്തിനുശേഷം സ്വയം ബിസിനസ്സ് ഏറ്റെടുത്തു. 1997 ൽ ഇദ്ദേഹം ലാഹോറിൽ വന്നു, ഇവിടെയും ബിസിനസ്സ് ചെയ്തുകൊണ്ടിരുന്നു. 1 വർഷം മുമ്പ് അമേരിക്കയിൽ ബിസിനസ്സ് ചെയ്യാൻ തുടങ്ങി. അമേരിക്കയിൽ സ്ഥിരതാമസമാക്കുകയും ചെയ്തു. ഇതിനുമുമ്പ് പാക്കിസ്ഥാനിലും ദീർഘകാലം ബിസിനസ്സ് ചെയ്തിരുന്നു. നാസിം അത്ഫാൽ ആയിക്കൊണ്ട് പാക്കിസ്ഥാനിൽ ഖിദ്മത്ത് ചെയ്യാൻ അവസരം ലഭിച്ചു. ഇലാഖ ഖാഇദ്, മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ജില്ലാ ഗുജറൻവാല, സയീം മജ്ലിസ് അൻസാറുല്ലാഹ് ഇലാഖ ലാഹോർ, കേന്ദ്ര മുശാവിറത് ബോർഡിന്റെ തൊഴിൽ വകുപ്പിന്റെ പ്രസിഡന്റ് എന്നീ സ്ഥാനങ്ങൾക്ക് പുറമെ ലാഹോർ ജില്ലയിലെ ജനറൽ സെക്രട്ടറിയായും സേവനം ചെയ്തുകൊണ്ടിരുന്നു. ശഹീദാകുന്ന സമയത്ത് ഇദ്ദേഹത്തിന്റെ വയസ്സ് 51 ആയിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയായിരുന്നു. ദാറുദ്ദിക്റിൽ വെച്ചാണ് ഇദ്ദേഹം ശഹീദായത്. ശഹീദ് മർഹൂം 1 മാസം മുമ്പാണ് തന്റെ ബിസിനസ്സ് ആവശ്യാർത്ഥം പാക്കിസ്ഥാനിൽ വന്നത്. ജുമുഅ നമസ്കരിക്കുന്നതിനായി ദാറുദ്ദിക്റിൽ എത്തുകയുണ്ടായി. സംഭവം നടക്കുന്ന ദിവസം ഗോവണിക്ക് താഴെ മറ്റുള്ളവരുമായി 1 മണിക്കൂർ ചിലവഴിച്ചു. താഴേക്ക് പോകാമായിരുന്നു. പക്ഷെ മുറിവ് പറ്റിയ ഒരു സഹോദരനെ കണ്ടപ്പോൾ അദ്ദേഹത്തെ രക്ഷപ്പെടുത്തുന്നതിനായി ഗോവണിയുടെ താഴേക്ക് വലിച്ചു. അപ്പോൾ തിവ്രവാദിയുടെ വെടി ഇദ്ദേഹത്തിന് ഏൽക്കുകയുണ്ടായി. വെടി ഇദ്ദേഹത്തിന് നെഞ്ചിലാണ് കൊണ്ടത്. ദീർഘനേരം മുറവേറ്റ നിലയിൽ ഗോവണിയുടെ താഴെ കിടന്നു. അല്ലാഹു അദ്ദേഹത്തിന്റെ ശഹാദത്ത് ഇഷ്ടപ്പെട്ടിരുന്നു. അവിടെ വെച്ചുതന്നെ ശഹീദാകുകയും ചെയ്തു. ദാറുദ്ദിക്റിൽ അക്രമം നടന്നപ്പോൾ ഇദ്ദേഹം തന്റെ മൂത്ത മകൻ ശുഹൈബ് സുലങ്കി സാഹിബിന് ഫോൺ ചെയ്തു, എന്നിട്ട് പറഞ്ഞു;പള്ളിയിൽ ഇത്തരത്തിലുള്ള സംഭവം നടന്നിരിക്കുന്നു, അല്ലാഹു എല്ലാവരേയും സംരക്ഷിക്കുമാറാകട്ടെ എന്ന് ദുആ ചെയ്യുക, വീട്ടുകാരോടും ദുആക്ക് പറയുക. അങ്ങേയറ്റം മുഖ്ലിസും സാമ്പത്തിക ത്യാഗത്തിൽ മുൻപന്തിയിൽ നിൽക്കുന്ന ആളുമായിരുന്നു. ഇദ്ദേഹത്തിന് ചെറുപ്രായത്തിൽതന്നെ ജമാഅത്തിന്റെ ഉന്നത തസ്ഥികയിൽ സേവനം ചെയ്യാനുള്ള അവസരം ലഭിച്ചിരുന്നു. ജമാഅത്തിയായ സേവനത്തിന്ന് അങ്ങേയറ്റം താൽപര്യവും കാണിക്കാറുണ്ട്. എല്ലാവിധ സാമ്പത്തിക ത്യാഗത്തിലും നല്ല നിലയിൽ ഭാഗഭാക്കായിരുന്നു. സാമ്പത്തിക ത്യാഗത്തിൽ മുൻകടക്കുന്ന ആളായിരുന്നു. ഗുജറാൻവാലയിൽ ഒരു മുഅല്ലിം ഇദ്ദേഹത്തിന്റെ ചിലവിൽ സേവനം ചെയ്തു വരുന്നു. ഭഗവാൻപൂരിൽ ഒരു പള്ളി നിർമ്മിച്ചു. റബ്വയിലെ അതിഥി മന്ദിരത്തിലെ റിസപ്ഷന് വേണ്ടി ചിലവ് ചെയ്തു. കഠിനാധ്വാനിയും നന്മ പ്രവർത്തിക്കുന്ന ആളുമായിരുന്നു. തന്റെ കുട്ടികളുടെ തഅ്ലീം തർബിയ്യത്ത് കാര്യത്തിൽ അങ്ങേയറ്റം ശ്രദ്ധിക്കാറുണ്ടായിരുന്നു. ഓരോ പ്രവർത്തി ചെയ്യുന്നതിനു മുമ്പും ഖിലാഫത്തിനോട് മാർഗ്ഗദർശനവും അനുവാദവും തേടാറുണ്ടായിരുന്നു. ഖിലാഫത്തിനെ അനുസരിക്കുന്ന കാര്യത്തിൽ മാതൃകാപരമായിരുന്നു. ഇദ്ദേഹത്തിന്റെ ബിസിനസ്സ് പാക്കിസ്ഥാനിലായിരുന്നുവെന്ന് പറഞ്ഞുവല്ലോ. ബിസിനസ്സിൽ ചില ബുദ്ധിമുട്ട് കാരണത്താൽ ഞാൻ അദ്ദേഹത്തോട് അമേരിക്കയിലേക്ക് പോകാൻ പറഞ്ഞു, അപ്പോൾ തന്നെ പെട്ടെന്ന് ലാഹോറിൽ നിന്ന് അമേരിക്കയിലേക്ക് പോയി. ജോലിയില്ലാത്ത സഹോദരന്മാർക്ക് ജോലി കൊടുക്കുന്ന കാര്യത്തിൽ ഇദ്ദേഹം പലരേയും സഹായിച്ചിട്ടുണ്ട്. ഭാര്യ പറയുന്നു; കുടുംബജീവിതവും മാതൃകാപരമായിരുന്നു. മാതൃകാപരമായ പിതാവും ഭർത്താവുമായിരുന്നു. എല്ലാ നിലയിലും ഭാര്യയുടേയും കുട്ടികളുടേയും കാര്യങ്ങൾ ശ്രദ്ധിക്കാറുണ്ടായിരുന്നു. ആവശ്യക്കാരാരെങ്കിലും വീട്ടിൽ വന്നാൽ വെറും കയ്യോടെ പറഞ്ഞയക്കാറില്ല. ജനങ്ങൾ തങ്ങളുടെ പ്രശ്നപരിഹാരത്തിനായി ഇദ്ദേഹത്തിന്റെ അടുക്കൽ വരാറുണ്ടായിരുന്നു. നല്ല രീതിയിൽ അഭിപ്രായം പറയുന്ന ആളായിരുന്നു. അതുകൊണ്ട് തന്നെയാണ് ഇദ്ദേഹത്തെ തൊഴിൽ വകുപ്പിന്റെ പ്രസിഡന്റാക്കിയതും. പ്രസന്നവദനും സന്തോഷവാനുമായി എപ്പോഴും കാണപ്പെട്ടിരുന്നു. എത്ര ബുദ്ധിമുട്ടുള്ള ജോലിയും സ്വയം ഏറ്റെടുക്കുകയും അത് വളരെ നല്ല നിലയിൽ ചെയ്ത്തീർക്കുകയും ചെയ്യുമായിരുന്നു. മറ്റുള്ളവരെക്കൊണ്ട് ജോലി ചെയ്യിപ്പിക്കുന്ന കാര്യത്തിലും വളരെ നൈപുണ്യമുള്ള ആളായിരുന്നു. മൃദുലമായ രീതിയിൽ സംസാരിക്കുന്ന ആളും സൽസ്വഭാവിയുമായിരുന്നു. അദ്ദേഹത്തിനെ ഏൽപ്പിച്ച ജോലി മാത്രമല്ല അദ്ദേഹം ചെയ്തിരുന്നത്, മറിച്ച് വഖ്ഫെ ജദീദ് സെക്രട്ടറിയോ മറ്റുള്ളവരോ ചന്ദപിരിക്കാൻ കൂടെ വരാൻ പറഞ്ഞാൽ, ഇദ്ദേഹത്തിന്റെ ജോലിയല്ലായിരുന്നിട്ടുകൂടി അവരുടെ കൂടെ പോകുമായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമൻ (റഹ്) ബൈത്തുൽ ഫുത്തൂഹിനുവേണ്ടി വിളംബരം ചെയ്തപ്പോൾ തന്റെ വിഹിതം ഫാക്സ് മുഖേന അറിയിക്കുകയും ഉടനെത്തന്നെ ആ തുക നൽകുകയും ചെയ്തു. ചൗധരി മുനവ്വർ അഹ്മദ് സാഹിബ്, സെക്രട്ടറി ഉമൂറ ആമ്മഃ പറയുന്നു. ഖാദിയാനിലെ ജൽസ സാലാന വേളയിൽ പാക്കിസ്ഥാനിൽ ഇദ്ദേഹത്തിന്റെ ഡ്യൂട്ടി ട്രാൻസ്പോർട്ട് വകുപ്പിലായിരുന്നു. വളരെ നല്ല നിലയിൽ അദ്ദേഹം ഈ സേവനം ചെയ്യാറുണ്ടായിരുന്നു. രാപ്പകൽ ഡ്യൂട്ടി കൊടുത്താലും പുഞ്ചിരിക്കുന്ന ഒരു പ്രകൃതമായിരുന്നു അദ്ദേഹത്തിന്റേത്. അമേരിക്കയിലേക്ക് പോയിട്ടും 2009 ലെ ഖാദിയാൻ ജൽസാ അവസരത്തിൽ പാക്കിസ്ഥാനിൽ വരികയും ഈ ഡ്യൂട്ടി വളരെ നല്ല നിലയിൽ നിർവ്വഹിക്കുകയും, റബ്വയിൽ നിന്ന് ഖാദിയാനിലേക്ക് പോകുന്ന ആളുകളെ സഹായിച്ചുകൊണ്ടിരിക്കുകയും ചെയ്തിരുന്നു. ഞാനുമായി ഇദ്ദേഹത്തിന്റെ ബന്ധം ഖുദ്ദാമുൽ അഹ്മദിയ്യായുടെ കാലത്തുതന്നെ ഉണ്ടായിരുന്നു. കേന്ദ്രവുമായി പൂർണ്ണമായും സഹകരിച്ചിരുന്നു.

ഏതു സമയത്തു വിളിച്ചാലും തന്റെ ജോലി പ്രശ്നമാക്കാതെ ഉടനെ ഹാജറാകാറുണ്ടായിരുന്നു. സാധാരണ നിലയിൽ ബിസിനസ്സുകാർ തങ്ങളുടെ ബിസിനസ്സ് ഉപേക്ഷിക്കാറില്ല. പാക്കിസ്ഥാനിൽ പോകുന്ന അവസരത്തിൽ ലണ്ടനിൽ വന്ന് എന്നെ കണ്ടിട്ടാണ് പോയത്. പോകുന്ന സമയത്ത് അവസ്ഥ മോശമാണെന്നും ശ്രദ്ധിക്കണമെന്നും ഞാൻ പറഞ്ഞിരുന്നു. പക്ഷെ അല്ലാഹു ശഹാദത്ത് നിശ്ചയിച്ചിരിക്കുന്നു, അങ്ങിനെ അദ്ദേഹം ശഹീദായി. ജമാഅത്തിന് സേവനം ചെയ്യുന്ന പഴയ ആൾക്കാർ, ഹദ്റത്ത് മസീഹ് മൗഊദ് عليه السلامനെ വിശ്വസിക്കുന്ന കാര്യത്തിൽ മുൻകടക്കുന്ന ആൾക്കാർ, അവരുടെ സന്താനങ്ങളിൽ പെട്ടിട്ടുള്ള ചിലർ ജമാഅത്തിനുവേണ്ടി സേവനം ചെയ്യുന്നില്ലല്ലോ എന്ന കാര്യത്തിലും അദ്ദേഹത്തിന് വേവലാതി ഉണ്ടായിരുന്നു. വേദനയോടുകൂടി പറഞ്ഞുകൊണ്ടാണ് അദ്ദേഹം പോയത്. ചില കാര്യങ്ങളെക്കുറിച്ച് ഞാനും അഭിപ്രായം ചോദിച്ചിരുന്നു. വളരെ നല്ല അഭിപ്രായങ്ങളാണ് നൽകിയത്.

ഗുജറാൻവാലയിലെ മുൻ അമീർ സാഹിബ് എഴുതുന്നു. ശഹീദ് പറയാറുണ്ടായിരുന്നു; ഖിലാഫത്തിന്നെതിരിൽ സുഹൃദ് ബന്ധത്തിനും കുടുംബ ബന്ധത്തിനും ഒരു വിലയുമില്ല. 1974 ൽ സുറങ്കി സാഹിബിന്റെ കുടുംബത്തിൽ പെട്ട ചിലർ ബലഹീനത കാണിച്ചപ്പോൾ - ഇദ്ദേഹം ആ സമയത്ത് വളരെ ചെറുപ്പമായിരുന്നു - വീട് വിട്ടുകൊണ്ട് അമീർ സാഹിബിന്റെ വീട്ടിലേക്ക് വരികയും അവിടെ ജമാഅത്തിലുള്ള ആൾക്കാരെ അഭയം പ്രാപിച്ചവർക്ക് ഡ്യൂട്ടികൊടുത്തുകൊണ്ടിരിക്കുകയും ചെയ്തു. അമീർ സാഹിബിൽ ഇദ്ദേഹത്തിന്റെ ഈ ത്യാഗത്തിന് വളരെയധികം സ്വാധീനമുണ്ടായി. ഞാൻ പറഞ്ഞതുപോലെ ധനപരമായ ത്യാഗത്തിന് അദ്ദേഹത്തിന് വളരെയധികം അവസരം ലഭിച്ചിരുന്നു. അമീർ സാഹിബ് പറയുകയാണ്. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ തുറന്ന ഹൃദയത്തോടുകൂടി സേവനം ചെയ്യുന്ന ആളായിരുന്നു. ഒരിക്കൽ ഒരു പ്ലോട്ട് ലഭിക്കേണ്ടതായിരുന്നു. അതിന്റെ വില 50 ലക്ഷം രൂപയായിരുന്നു. ഇദ്ദേഹം പറഞ്ഞു. അത് മുഴുവൻ ഞാൻ നൽകിക്കൊള്ളാം. എന്നാൽ ആ പ്ലോട്ട് ലഭിച്ചിട്ടില്ല. അതിനുപകരമായി വേറൊരു പ്ലോട്ട് ലഭിക്കുകയുണ്ടായി. അതിന്റെ വില 46 ലക്ഷമായിരുന്നു. അത് മുഴുവനും ഇദ്ദേഹം നൽകുകയുണ്ടായി. അതിപ്പോൾ ജമാഅത്തിന്റെ ഗസ്റ്റ്ഹൗസ് എന്ന നിലയിൽ ഉപയോഗിച്ചുവരുന്നു. പള്ളി നിർമ്മാണത്തിനുവേണ്ടി തൊട്ടു മുമ്പ് വലിയൊരു സംഖ്യ അദ്ദേഹം നൽകിയിരുന്നു. വല്ല ആവശ്യത്തിനും പൈസ ചോദിച്ചാൽ ഞാൻ ഇപ്പോൾ തന്നതല്ലെയുള്ളൂ എന്ന് ഒരിക്കലും പറയാറില്ല. ഖിലാഫത്ത് ജൂബിലി വേളയിൽ ലാഹോറിന്റെ വകയായി ഖാദിയാനിൽ നിർമ്മിച്ച ഗസ്റ്റ്ഹൗസിന് ഇദ്ദേഹത്തിന്റെ വകയായി 10 ലക്ഷം രൂപ നൽകുകയുണ്ടായി. റബ്വയിലുള്ള ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഗസ്റ്റ്ഹൗസ് പുതുക്കിപ്പണിയുന്നതിനുവേണ്ടിയും വലിയൊരു സംഖ്യ നൽകിയിരുന്നു. ചുരുക്കത്തിൽ ധനപരമായ ത്യാഗത്തിൽ എപ്പോഴും മുൻപന്തിയിലായിരുന്നു. സമയം ത്യാഗം ചെയ്യുന്ന കാര്യത്തിലും, അനുസരണം,സഹകരണം, അതുപോലെ വഖ്ഫ് ചെയ്ത ആളുകൾ, കേന്ദ്ര ഉദ്യോഗസ്ഥന്മാർ എന്നിവരെ ആദരിക്കാറുണ്ടായിരുന്നു. പണമുണ്ടെന്ന ഒരഹങ്കാരവുമുണ്ടായിരുന്നില്ല. പണം വന്നുകൊണ്ടിരിക്കുന്നതനുസരിച്ച് വിനയം കൈക്കൊള്ളുന്ന ആളായിട്ടാണ് എനിക്ക് കാണാൻ സാധിച്ചത്.

രണ്ടാമത്തെ ശഹീദ് ചൗധരി ഈജാസ് അൻസാറുല്ലാ ഖാൻ സാഹിബ് ആണ്. ഇദ്ദേഹം അസദുല്ലാഹ് ഖാൻ സാഹിബിന്റെ മകനായിരുന്നു. ഇദ്ദേഹം ചൗധരി സഫറുല്ലാഹ് ഖാൻ സാഹിബ് (റ) ന്റെ പിതൃവ്യസഹോദരന്റെ മകനും ലാഹോറിലെ മുൻ അമീർ മീർ നസറുല്ലാഹ് ഖാൻ സാഹിബിന്റെ എളാപ്പയുടെ മകനുമാണ്. മസ്ജിദ് നൂറ് മാൽ ടൗണിൽ വെച്ചാണ് ശഹീദായത്. ജമാഅത്തിയായ സേവനങ്ങൾ ചെയ്യാനുള്ള അവസരങ്ങൾ ലഭിച്ചുകൊണ്ടിരുന്നു. നാല് ഖലീഫമാരോടും ചേർന്നുകൊണ്ട് സേവനം ചെയ്യാനുള്ള അവസരം ലഭിച്ചു. ഇദ്ദേഹത്തിന്റെ പിതാവ് ചൗധരി അസദുല്ലാഹ് ഖാൻ സാഹിബ് ലാഹോർ ജില്ലയുടെ മുൻ അമീറായിരുന്നു. പ്രാഥമിക വിദ്യാഭ്യാസം ഖാദിയാനിൽ നിന്നായിരുന്നു. മെട്രിക് ലാഹോറിൽ നിന്ന് ചെയ്തു. ലണ്ടനിലുള്ള ലോയിഡ്സൺ കോളേജിൽ നിന്ന് എൽ.എൽ.ബി പഠിച്ചു. കുറച്ചുകാലം ലണ്ടനിൽ പ്രാക്ടീസ് ചെയ്തു. പിന്നീട് പിതാവിന്റെ രോഗം കാരണം ഖലീഫത്തുൽ മസീഹ് മൂന്നാമൻ (റഹ്) യുടെ നിർദ്ദേശപ്രകാരം തിരിച്ചുവരികയും ഇസ്ലാമാബാദിൽ സ്ഥിരതാമസമാക്കുകയും ചെയ്തു. 1984 ൽ റിട്ടയർ ചെയ്തു. അതിനുശേഷം ഭൗതികമായ ഒരു ജോലിയും ചെയ്തിരുന്നില്ല. മറിച്ച് ജമാഅത്തിന്റെ ജോലി ചെയ്തുകൊണ്ടിരുന്നു. ജമാഅത്തിന്റെ പല വകുപ്പുകളിലും ഇദ്ദേഹത്തിന് സേവനം ചെയ്യാനുള്ള തൗഫീഖ് ലഭിച്ചിരുന്നു. ഇസ്ലാമാബാദിലെ മുൻ അമീർ, ലാഹോർ ജില്ലയിലെ നാഇബ് അമീർ, ഖളാ ബോർഡിലെ മെമ്പർ, കർമ്മ ശാസ്ത്ര കമ്മറ്റിയിൽ മെമ്പർ എന്നീ നിലയിലും സേവനം ചെയ്തുകൊണ്ടിരുന്നു. ശഹീദാകുന്ന സമയത്ത് ഇദ്ദേഹത്തിന്റെ പ്രായം 83 വയസ്സായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയായിരുന്നു. ദാറുദ്ദിക്റിൽ വെച്ചാണ് ഇദ്ദേഹത്തെ ശഹീദാക്കിയത്.

ജുമുഅ ദിവസം തയ്യാറായിക്കൊണ്ട് റൂമിൽ നിന്ന് പുറത്തുവന്നു. വന്ന ഉടനെ പറഞ്ഞു; നല്ല ക്ഷീണമുണ്ട്. പിന്നീട് ഭക്ഷണം കഴിച്ചു. 12 മണിക്ക് ഞാൻ പോകുന്നതാണെന്ന് മകനോട് പറഞ്ഞു. അപ്പോൾ ഇത്ര പെട്ടെന്ന് പോയിട്ട് എന്ത് ചെയ്യാനാണ് എന്ന് മകൻ ചോദിച്ചു. ജനങ്ങളെ ചാടിക്കടന്ന് ആദ്യത്തെ സഫ്ഫിലിരിക്കുക എന്നത് ഞാനിഷ്ടപ്പെടുന്നില്ല. മകനും പൗത്രനും കൂടെയുണ്ടായിരുന്നു. മകൻ ഡ്യൂട്ടിയിൽ പോകുന്നതിനു മുമ്പ് ഉപ്പയോട് പറഞ്ഞു. മകനെ താങ്കളുടെ കൂടെ വെക്കുക. ഇതിനു മുമ്പ് പൗത്രനെ കൂടെയിരുത്താറുണ്ടായിരുന്നു. ഉപ്പ പറഞ്ഞു; ഇല്ലാ, നീ നിന്റെ കൂടെതന്നെ കൊണ്ട് പോകുക. എനിക്ക് ഡ്യൂട്ടിയുണ്ടെന്ന് മകൻ ഉപ്പയോട് പറഞ്ഞു. ശഹീദിന്റെ മകൻ തന്റെ മകനെ വേറെ ആളുടെ അടുത്താക്കി. മകനേയും പൗത്രനേയും അല്ലാഹു രക്ഷപ്പെടുത്തുകയുണ്ടായി. ശഹീദ് മെയ്ൻ ഹാളിലെ മിഹ്റാബിന്റെ അടുത്ത് ആദ്യത്തെ സഫ്ഫിൽ കസേരയിൽ ഇരിക്കുകയായിരുന്നു. ഇദ്ദേഹത്തിന്റെ വലത് ഭാഗത്ത് അതികഠിനമായ നിലയിൽ ഫയറിംഗ് നടക്കുകയുണ്ടായി. അതിനാൽ ഇദ്ദേഹത്തിന്റെ വയറ്റിൽ വെടികൊണ്ടു എന്ന് ആരോ പറയുകയുണ്ടായി. അമീർ സാഹിബ് ഇദ്ദേഹത്തോട് പുറത്ത് വരാൻ പറഞ്ഞു. അദ്ദേഹം മറുപടിയായി പറഞ്ഞത് ഞാൻ ശഹാദത്ത് ചോദിച്ചുകൊണ്ട് ദുആ ചെയ്തിരിക്കുന്നു. ആയതിനാൽ അമീർ സാഹിബിന്റെയും ഇദ്ദേഹത്തിന്റെയും മയ്യത്ത് ഒരു സ്ഥലത്ത് നിന്നാണ് കിട്ടിയത്.

മൗലവി ബശീറുദ്ദീൻ സാഹിബ് സ്വപ്നത്തിൽ കാണുകയുണ്ടായി. ആകാശത്തുനിന്ന് വെള്ള നിറത്തിലുള്ള ഒരു വാഹനം വന്നിരിക്കുന്നു. ഞാൻ താങ്കളെ കൂട്ടാനാണ് വന്നത് എന്ന ശബ്ദം വന്നു. യാത്രയിൽ ഇശാ നമസ്കരിച്ചതിനുശേഷം വേഗത്തിൽ ഉറങ്ങാറുണ്ടായിരുന്നു. പിന്നീട് രാത്രി 1 മണിക്ക് എഴുന്നേറ്റ്കൊണ്ട് തഹജ്ജുദിലും ദുആയിലും മുഴുകാറുണ്ടായിരുന്നു. പര്യവസാനം നന്നായിത്തീരാൻ എല്ലാവരോടും ദുആയ്ക്കും അപേക്ഷിക്കാറുണ്ടായിരുന്നു. ഖിലാഫത്തിനോട് അങ്ങേയറ്റം സ്നേഹമുണ്ടായിരുന്നു. ജമാഅത്തിനായി ജോലി ചെയ്യുന്നവരെ പ്രശംസിക്കാരുണ്ടായിരുന്നു. എത്ര നല്ല ജമാഅത്താണ്, ജോലി കഴിഞ്ഞ് ജനങ്ങൾ ജമാഅത്തിന്റെ പ്രവർത്തനത്തിൽ മുഴുകുന്നു എന്ന് പറയും. ജനങ്ങളുടെ ഇടയിൽ ഇരിക്കുമ്പോൾ തബ്ലീഗും ചെയ്യാറുണ്ടായിരുന്നു. തബ്ലീഗ് കഴിഞ്ഞ് ജനങ്ങൾ പിരിഞ്ഞുപോകുമ്പോൾ ആർക്കെങ്കിലും മോശമായി തോന്നിയിട്ടുണ്ടെങ്കിൽ മാപ്പാക്കണമെന്നും ഇദ്ദേഹം പറയുമായിരുന്നു. യത്തീം ഫണ്ടിൽ സ്ഥിരമായി ഒരു യത്തീമിന്റെ ചിലവ് ഇദ്ദേഹം നൽകാറുണ്ടായിരുന്നു. റബ്വയിൽ നിന്ന് ഒരു ജോലിക്കാരൻ വീട്ടിൽ വന്നു. അയാൾ ഏഴാം ക്ലാസ് വരെയാണ് പഠിച്ചത്. തുടർന്ന് പഠിപ്പിക്കാൻ വേണ്ടി മകന്റെ ഭാര്യയോട് പറയുകയും പഠനസാമഗ്രികൾ നൽകാൻ പറയുകയും ചെയ്തു. മകൻ പറയുകയാണ്. വസിയ്യത്ത് ചെയ്തതിനുശേഷം എന്റെ ജീവിതകാലത്തുതന്നെ അതു പൂർത്തിയാക്കുവാനുള്ള തൗഫീഖ് അല്ലാഹു എനിക്ക് നൽകേണമേ എന്നും എപ്പോഴും ആഗ്രഹം പ്രകടിപ്പിക്കാറുണ്ടായിരുന്നു. അങ്ങനെ തന്നെ സംഭവിക്കുകയും ചെയ്തു. ശഹീദാവുന്നതിന്ന് മൂന്നു വർഷം മുമ്പ് തന്റെ സ്വത്തിന്റെ വസിയ്യത്ത് കൊടുക്കാനും ശഹീദാകുന്നതിന് കുറച്ചു ദിവസം മുമ്പ് മറ്റെല്ലാ ചന്ദകളും കൊടുക്കാനും കഴിഞ്ഞു. അദ്ദേഹം ഇസ്ലാമാബാദിൽ ജോലി ചെയ്യുന്ന സമയത്ത് മനോപള്ളി കണ്ട്രോൾ അതോറിറ്റി എന്ന സ്ഥാപനത്തിൽ രജിസ്ട്രാർ എന്ന നിലയിൽ ജോലി ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. ആ സമയത്ത് ഭൂട്ടോയായിരുന്നു പ്രധാനമന്ത്രി. പ്രധാനമന്ത്രിയുടെ ശുപാർശയോടു കൂടി ഫയൽ അദ്ദേഹത്തിന്റെ അടുക്കൽ വന്നു. ഫയൽ വന്നപ്പോൾ നിയമപരമായ എന്തോ ഒരു തെറ്റ് അതിൽ അദ്ദേഹം കണ്ടു. ആ ഫയൽ അദ്ദേഹം തിരിച്ചയച്ചു. പ്രധാനമന്ത്രിയുടെ ഭാഗത്തുനിന്നാണ് ഫയൽ വന്നത്. പക്ഷെ അതിൽ നിയമപരമായ തെറ്റു കണ്ടപ്പോൾ അദ്ദേഹം അത് അനുവദിക്കുവാൻ സാധിക്കുകയില്ലെന്ന് പറഞ്ഞുകൊണ്ട് തിരിച്ചയക്കുന്നു. ആ സമയത്ത് പ്രധാനമന്ത്രി ഒന്നു പരുങ്ങി. എന്നിട്ട് ഭീഷണിയോടുകൂടി നോട്ടെഴുതി വെച്ചു. ഒന്നുകിൽ നീ ജോലി ചെയ്യുക, അല്ലെങ്കിൽ നിനക്കെതിരിൽ കഠിന നടപടിയെടുക്കേണ്ടതായി വരും. ചൗധരി സാഹിബ് താൻ അഹ്മദിയാണെന്ന് ഒരിക്കലും മറച്ചുവെച്ചിട്ടില്ല. എന്നു മാത്രമല്ല അവസരം കിട്ടുമ്പോഴൊക്കെ തബ്ലീഗ് ചെയ്യാറുമുണ്ടായിരുന്നു. പ്രധാനമന്ത്രിക്കും ഇദ്ദേഹം അഹ്മദിയാണെന്ന് അറിയാമായിരുന്നു. ഏതായിരുന്നാലും ഈ കാര്യങ്ങളൊക്കെ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് മൂന്നാമൻ (റഹ്) യെ അറിയിച്ചു. അപ്പോൾ ഹുസൂർ പറഞ്ഞു. ധൈര്യമുണ്ടെങ്കിൽ ജോലി തുടരുക. അല്ലെങ്കിൽ രാജി വെക്കുക. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് മൂന്നാമന്റെ ഈ സന്ദേശം കിട്ടിയപ്പോൾ എന്ത് തന്നെ സംഭവിച്ചാലും ഞാൻ രാജി വെക്കുകയില്ലെന്ന് ചൗധരി സാഹിബ് പറഞ്ഞു. ഇദ്ദേഹം പ്രധാനമന്ത്രിക്കും ദീർഘമായ ഒരു കത്തെഴുതി. അതിൽ ഇപ്രകാരം എഴുതുകയുണ്ടായി. ഞാൻ രാജി വെക്കുകയാണെങ്കിൽ എന്തെങ്കിലും മറച്ചുവെക്കാൻ ഉദ്ദേശിക്കുന്നുവെന്ന് കരുതും. എനിക്ക് ഒന്നും മറച്ചുവെക്കാനില്ല. അതുകൊണ്ട് ഞാൻ രാജിവെക്കുകയില്ലെന്ന് തീരുമാനിച്ചു. ഇതിനു ശേഷം അദ്ദേഹത്തിന്നെതിരിൽ നടപടിയുണ്ടാകുകയും ജോലിയിൽ നിന്ന് പുറത്താക്കിയിരിക്കുന്നുവെന്നുമുള്ള കുറിപ്പ് അദ്ദേഹത്തിന് ലഭിക്കുകയും ചെയ്തു. അതിൽ പുറത്താക്കാനുള്ള ഒരു കാരണവും പറഞ്ഞിരുന്നില്ല. പിന്നീട് വീണ്ടും കാര്യങ്ങൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് മൂന്നാമൻ (റഹ്) നെ ധരിപ്പിക്കുകയും ദുആ ചെയ്യാൻ പറയുകയും ചെയ്തു. ഇദ്ദേഹം പറയുകയാണ്. അടുത്ത ദിവസം ഫജർ നമസ്കാരത്തിനുശേഷം നടക്കാൻ വേണ്ടി പുറത്തിറങ്ങിയപ്പോൾ ആ സമയത്ത് അമീർ ആയിരുന്ന ചൗധരി അബ്ദുൽ ഹഖ് വിർക് സാഹിബിനെ വഴിയിൽ കാണുകയുണ്ടായി. അദ്ദേഹം പറയുകയുണ്ടായി; ഞാൻ താങ്കൾക്ക് വേണ്ടി ദുആ ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. അപ്പോൾ ഒരു അശരീരി കേട്ടു, **ലീവ് ആഘോഷിക്കുക** എന്ന്. ഭൂട്ടോ സാഹിബിന്റെ ഭരണം അവസാനിച്ചപ്പോൾ മാർഷൽ ലോ നടപ്പിൽ വരികയും അതിന്റെ ഉദ്യോഗസ്ഥർ മുഴുവൻ ഗവൺമെന്റ് ഓഫീസുകളും പരിശോധിക്കുകയും, അങ്ങിനെ ഇദ്ദേഹത്തിന്റെ ഫയൽ മുന്നിൽ വരികയും ചെയ്തു. അവർ അന്വേഷണം നടത്തുകയും ഇദ്ദേഹത്തെ ജോലിയിൽ തിരിച്ചെടുക്കുകയും ചെയ്തു. കൂടെ അതിൽ ഒരു കുറിപ്പും എഴുതിയിരുന്നു. അതിപ്രകാരമാണ്. നിങ്ങളെ പുറത്താക്കിയ രണ്ട് വർഷം അത് ലീവായി കരുതുന്നതാണ്. അങ്ങിനെ മറ്റൊരു അഹ്മദിക്ക് കാണിച്ചുകൊടുത്ത ഈ സ്വപ്നം ഇപ്രകാരം പൂർത്തിയായി. അല്ലാഹുവിന്റെ അത്ഭുതകരമായ മറ്റൊരു പ്രവർത്തി, അതായത് ഇദ്ദേഹത്തെ പുറത്താക്കിയത് അഹ്മദിയ്യത്തിന്റെ ശത്രുവാണെങ്കിൽ തിരിച്ചെടുത്തതും അഹ്മദിയ്യത്തിന്റെ ശത്രു തന്നെ. സിയാഹുൽ ഹഖ് ആണ് ഇദ്ദേഹത്തെ തിരിച്ചെടുത്തത്.

ഇദ്ദേഹത്തിന്റെ മകൻ പറയുന്നു. ഇദ്ദേഹത്തിന്റെ സുരക്ഷിതത്ത്വത്തിനുവേണ്ടി വാഹനം മാറ്റാൻ ഗവൺമെന്റിന്റെ ആളുകൾ പറഞ്ഞു. ഇതുകാരണം നമ്പർ പ്ലൈറ്റ് മാറുന്നതാണ്. മാത്രമല്ല ദാറുദ്ദിക്റിലേക്ക് വരുന്ന വഴിയും മാറ്റിക്കൊണ്ടിരിക്കുക. ഈ കാര്യം പിതാവിനോട് പറഞ്ഞപ്പോൾ പിതാവ് പറഞ്ഞു, ശരി ചെയ്തുകൊള്ളുക. പിന്നെ ഇടക്ക് ജുമുഅ ഉപേക്ഷിക്കാനും ഗവൺമെന്റിന്റെ ആളുകൾ പറഞ്ഞിരുന്നു. ഈ കാര്യം ഞാൻ പിതാവിനോട് പറഞ്ഞപ്പോൾ പിതാവ് പറഞ്ഞു. എന്ത് തന്നെ സംഭവിച്ചാലും ഞാൻ ജുമുഅ ഉപേക്ഷിക്കുകയില്ല. ഇവർ നമ്മെ എന്തുചെയ്യാനാണ്. ശഹീദാക്കുമായിരിക്കും. അതിനപ്പുറം നമുക്കെന്താണ് വേണ്ടത്.

അടുത്ത ശഹീദ് ചൗധരി ഹഫീസ് അഹ്മദ് കാൾവാ സാഹിബ് അഡ്വക്കേറ്റ്. ചൗധരി നദീർ അഹ്മദ് സാഹിബ് സിയാൽക്കോട്ടിയാണ് ഇദ്ദേഹത്തിന്റെ പിതാവ്. ഇദ്ദേഹത്തിന്റെ ബന്ധം സിയാൽക്കോട്ടുമായിട്ടാണ്. വിദ്യഭ്യാസം എൽ.എൽ.ബി ആയിരുന്നു. വക്കീൽ ജോലി ചെയ്തുകൊണ്ടിരുന്നു. ആദ്യം സിയാൽക്കോട്ടിൽ പിന്നെ ലാഹോറിലേക്ക് മാറി. സുപ്രീം കോടതിയിൽ അഡ്വക്കേറ്റ് എന്ന നിലയിലും ജോലി ചെയ്തിരുന്നു. ശഹീദാകുന്ന സമയത്ത്

ഇദ്ദേഹത്തിന്റെ പ്രായം 83 വയസ്സായിരുന്നു. മസ്ജിദ് നൂർ മാൽടൗണിലാണ് ഇദ്ദേഹത്തെ ശഹീദാക്കിയത്.

ജുമുഅ നിർവ്വഹിക്കുന്നതിനായി മസ്ജിദ് നൂറിലെ മെയ്ൻ ഹാളിലായിരുന്നു ഉണ്ടായിരുന്നത്. ആക്രമണം നടക്കുന്ന സമയത്ത് ഇദ്ദേഹത്തിന്റെ മാറിടത്തിൽ വെടികൊണ്ട് പരുക്ക് പറ്റുകയുണ്ടായി. ശ്വാസം നേരെയാക്കാൻ വളരെയധികം ശ്രമിച്ചുകൊണ്ടിരുന്നു. എന്നാൽ അവിടെതന്നെ ശഹീദാകുകയുണ്ടായി. ജനറൽ റിട്ടയർ നാസർ സാഹിബ് ശഹീദ്, മാലിക് സാഹിബ് ശഹീദ്, ഇജാസ് നസറുല്ലാഹ് സാഹിബ് ശഹീദ് ഇവരൊക്കെ ഇദ്ദേഹത്തിന്റെ ബന്ധുക്കളായിരുന്നു. ശഹീദ് വളരെയധികം മൃദുല സ്വഭാവക്കാരനായിരുന്നു. ഒരിക്കലും ആരോടും കോപിക്കാറില്ല. വീട്ടിലെ ജോലിക്കാരോടും വളരെ നല്ല നിലയിലാണ് പെരുമാറിയിരുന്നത്. നമസ്കാരത്തിൽ കൃത്യനിഷ്ഠ പാലിക്കുന്ന ആളായിരുന്നു. അധികവും നടന്നുകൊണ്ടാണ് നമസ്കരിക്കാൻ പോകാറുണ്ടായിരുന്നത്. ഇദ്ദേഹത്തിന്റെ ഒരു മകൻ നാസിർ അഹ്മദ് കാൾവാ സാഹിബ് ആസ്ട്രേലിയയിലെ നമ്മുടെ നാഇബ് അമീറാണ്. ശഹീദ് വളരെ നല്ല സ്വഭാവക്കാരനായിരുന്നു. അല്ലാഹു പരേതന്റെ പദവികളെ ഉയർത്തുമാറാകട്ടെ.

പരേതനെക്കുറിച്ച് എഴുതുകയാണ്. ദരിദ്രരുടെ കേസ് ഫ്രീയായി ചെയ്തുകൊടുക്കാറുണ്ടായിരുന്നു. എന്നു മാത്രമല്ല ജനങ്ങൾക്ക് ധനപരമായ സഹായവും ചെയ്തുകൊണ്ടിരുന്നു. മാർഷൽ ലോയുടെ സമയത്ത് ലജ്ന ഇമാഇല്ലായുടെ പേപ്പറിൽ **പഞ്ച് തൻ പാക്ക് ( അഞ്ച് വിശുദ്ധർ)** എന്നെഴുതിയതു കാരണം കേസ് ആവുകയും ചൗധരി സാഹിബ് ഈ കേസ് നല്ല നിലയിൽ കൈകാര്യം ചെയ്തുകൊണ്ട് അവസാനിപ്പിക്കുകയും ചെയ്തു. ഇദ്ദേഹത്തിന്റെ അനുശോചനത്തിൽ അന്യ മതസ്ഥരിൽപെട്ട ധാരാളം ആളുകളും വന്നിരുന്നു. എന്നുമാത്രമല്ല ജമാഅത്തിനോട് വെറുപ്പുള്ള ചില ആളുകളും അനുശോചനം രേഖപ്പെടുത്തുകയുണ്ടായി. ഇദ്ദേഹത്തിന്റെ ഓഫീസിൽ ഒരു ഗുമസ്തൻ ഉണ്ടായിരുന്നു. അദ്ദേഹം പറയുകയാണ്. മുൻ ജഡ്ജി സാഹിബിന്റെ ഫോൺ വരികയും കുറെ നേരം അനുശോചനം രേഖപ്പെടുത്തുകയും ചെയ്തു. ഇദ്ദേഹത്തിന് വേണ്ടി ദുആ ചെയ്യുക എന്ന് ഗുമസ്തൻ ജഡ്ജിയോട് പറഞ്ഞു. - യാഥാസ്ഥിതികത്ത്വത്തിന്റെ തീവ്രത നോക്കുക- മറുപടിയായി ജഡ്ജി പറഞ്ഞു. ഇദ്ദേഹത്തിന് വേണ്ടി അനുശോചനം രേഖപ്പെടുത്താം. പക്ഷെ മഗ്ഫിറത്തിനുവേണ്ടി ദുആ ചെയ്യുകയില്ല.

ജുമുഅ ബൈത്തുന്നൂർ മാൽടൗണിലാണ് നിർവ്വഹിക്കാറുള്ളത്. കാഴ്ച കുറഞ്ഞിട്ടും മഗ്രിബ് നമസ്കരിക്കാൻ തന്റെ മഹല്ലിൽ പെട്ട പള്ളിയിൽ നടന്നുകൊണ്ട് പോകുമായിരുന്നു. മണിക്കൂറുകളോളം വിശുദ്ധ ഖുർആൻ പാരായണം ചെയ്യുമായിരുന്നു. ഇദ്ദേഹത്തിന്റെ പൗത്രിയോട് ശഹാദത്തിനെക്കുറിച്ച് പറഞ്ഞപ്പോൾ അവിടെയും ഇരുന്നുകൊണ്ട് ഖുർആൻ പാരായണം ചെയ്യുന്നുണ്ടാകുമെന്ന് കുട്ടി പറയുകയുണ്ടായി. നോക്കുക ഈ കുട്ടിയിൽ എത്രമാത്രം അദ്ദേഹത്തിന്റെ ഖുർആൻ പാരായണം സ്വാധീനം ചെലുത്തിയിരിക്കുന്നു. പ്രവർത്തി രൂപേണ കാണിച്ചുകൊടുത്തുകൊണ്ട് ഈ ഒരു സ്വാധീനമാണ് കുട്ടികളിൽ ഉണ്ടാക്കാൻ വേണ്ടി ഓരോ അഹ്മദിയും ശ്രമിക്കേണ്ടത്.

അടുത്ത ശഹീദ് ചൗധരി ഇംതിയാസ് അഹ്മദ് സാഹിബ് ശഹീദ്. ഇദ്ദേഹം ചൗധരി നിസാർ അഹ്മദ് സാഹിബിന്റെ മകനായിരുന്നു. ശഹീദിന്റെ പിതാമഹൻ ചൗധരി മുഹമ്മദ് ഭൂട്ടാ സാഹിബ് ബേനി മേൻവ ഗുരുദാസ്പൂർ ജില്ല. 1935 ൽ ബൈഅത്ത് ചെയ്യുകയുണ്ടായി. ശഹീദിന്റെ പിതാമഹൻ തനിച്ചാണ് അഹ്മദിയായിരുന്നത്. ഗ്രാമം മുഴുവനും ഇദ്ദേഹത്തിന്റെ ശത്രുക്കളായിരുന്നു. ഇദ്ദേഹത്തിന്റെ മരണസമയത്ത് മൗലവിമാർ ബഹളം വെക്കുകയും ഖബറടക്കാൻ സമ്മതിക്കാതിരിക്കുകയും ചെയ്തു. അതുകാരണം അദ്ദേഹത്തിന്റെ സ്ഥലത്ത്തന്നെ ഖബറടക്കുകയുണ്ടായി. വിഭജനത്തിനുശേഷം ശഹീദിന്റെ കുടുംബം സാഹിവാൾ ചെക്കിൽ വന്നു. 1972 ൽ ഇദ്ദേഹത്തിന്റെ പിതാവ് ലാഹോറിൽ വരികയുണ്ടായി. ശഹീദാകുന്ന സമയത്ത് ഇംതിയാസ് സാഹിബിന്റെ പ്രായം 34 വയസ്സായിരുന്നു. മൂസിയായിരുന്നു. ജില്ല നാഇബ് ഖാഇദിന്റെ സഹായി,നൗ മുബയീൻ നാഇബ് നാസിം തർബ്ബിയ്യത്ത്, ജില്ലാ മുൻ നാസിം അത്ഫാൽ, സെക്രട്ടറി ഇശാഅത്ത് എന്നീ നിലകളിൽ ഖിദ്മത്ത് ചെയ്തുകൊണ്ടിരുന്നു. ഇദ്ദേഹത്തിന്റെ ശഹാദത്ത് ദാറുദ്ദിക്റിൽ വെച്ചാണ് നടന്നത്.

ദാറുദ്ദിക്റിലെ മെയ്ൻ ഗേറ്റിന്റെ വലതുഭാഗത്തായിരുന്നു ഇദ്ദേഹത്തിന്റെ ഡ്യൂട്ടി. തീവ്രവാദികൾ അക്രമിച്ചപ്പോൾ ഓടിച്ചെന്ന് അവരെ പിടിക്കാൻ ശ്രമിച്ചു. ഇതിനിടയിൽ ഫയറിംഗ് കാരണമായി പരിക്ക്പറ്റി. തലയ്ക്കും നെഞ്ചത്തുമാണ് വെടികൊണ്ടത്. ഈ സംഭവത്തിൽ ശഹീദായവരിൽ ആദ്യത്തെ ശഹീദ് ഇദ്ദേഹമായിരുന്നു. ജമാഅത്തിയായ പ്രവർത്തനത്തിൽ എപ്പോഴും മുൻപന്തിയിലായിരുന്നു. ശൂറയുടെ പ്രതിനിധിയായിരുന്നു. ചെറുപ്രായത്തിൽ തന്നെ അത്ഫാലിൽ അങ്ങേയറ്റം സേവനം ചെയ്തിരുന്നു. ഖിലാഫത്ത് ജൂബിലി വേളയിൽ തന്റെ ഹൽഖയിൽ വളരെ നല്ല സേവനം ചെയ്യാനുള്ള ഭാഗ്യം സിദ്ധിച്ചു. സെക്യൂരിറ്റി ഡ്യൂട്ടി ഭംഗിയായി ചെയ്യാറുണ്ടായിരുന്നു. നമസ്കാരത്തിൽ കൃത്യനിഷ്ഠയുള്ള ആളായിരുന്നു. തന്റെ രണ്ട് മക്കളേയും അനുഗ്രഹീതമായ വഖ്ഫെനൗ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. ജമാഅത്തിലെ ഭരവാഹികളെ വളരെയധികം ആദരിക്കാറുണ്ടായിരുന്നു. ലീഡർഷിപ്പ് ഗുണമുള്ള ആളായിരുന്നു. വഖ്ഫ് ചെയ്യാൻ വലിയ ആഗ്രഹമുണ്ടായിരുന്നു. വഖ്ഫ് ചെയ്ത നിലയിലാണെന്ന് കരുതിക്കൊണ്ടാണ് ഡ്യൂട്ടി നിർവ്വഹിക്കാറുള്ളത്. ഇദ്ദേഹത്തിന്റെ ഡയറിയുടെ ആദ്യ പേജിൽ ഇപ്രകാരം എഴുതിവെച്ചിരിക്കുന്നു.

**ബുസ്ദിൽ ബാർബാർ മർതേഹെ ഔറ് ബഹാദുർ കൊ ഏക് ബാർ മൗത് ആത്തീഹെ.**

**ഭീരു വീണ്ടും വീണ്ടും മരിക്കുന്നു. എന്നാൽ ധൈര്യശാലിക്ക് ഒരിക്കലേ മരണമുള്ളു.**

ഇദ്ദേഹത്തിന്റെ ഒരു സഹോദരി അമേരിക്കയിലാണ് താമസിക്കുന്നത്. കുറച്ച് ദിവസം മുമ്പ് അവർ പാക്കിസ്ഥാനിൽ വന്നിരുന്നു. അവരും സഹോദരനോട് പറഞ്ഞു.എന്റെ ഡയറിയിൽ എന്തെങ്കിലും എഴുതുക. അപ്പോൾ ശഹീദ് ഒരു കവിതാ ശകലമാണ് എഴുതിയിരുന്നത്.

**യെ അദാ ഇശ്കൊ വഫാ കി ഹംമെ**

**ഏക് മസീഹാ കി ദുആ സെ ആയി**

നമ്മളിലുള്ള ഈ സ്നേഹത്തിന്റെയും കൂറിന്റെയും കാര്യം ഒരു മസീഹിന്റെ ദുആ ഫലമായാണ് ഉണ്ടായത്.

ഇദ്ദേഹത്തിന്റെ ഭാര്യ പറയുന്നു. ശഹീദാകുന്നതിനുമുമ്പ് അദ്ദേഹം സ്വപ്നം കണ്ടു, എന്റെ സമയം കുറവാണെന്ന്. എന്നിട്ട് എന്നോട് പറഞ്ഞു. സ്വന്തം കാലിൽ നിൽക്കുക, അതുകൊണ്ട് ബിസിനസ്സ് കുറച്ച് എസ്റ്റാബ്ലിഷ് ചെയ്യുകയുണ്ടായി. എപ്പോഴും തഹജ്ജുദ് അനുഷ്ഠിക്കുന്ന ആളും ഫജർ നമസ്കാരം സെന്ററിൽ പിതാവിനോടൊപ്പം അനുഷ്ഠിക്കുന്ന ആളുമായിരുന്നു. ഒരിക്കൽ ദാറുദ്ദിക്റിൽ നിന്ന് പന്ത്രണ്ടര മണിക്ക് വരികയും മൂന്നര മണിക്ക് എഴുന്നേൽക്കുകയും ചെയ്തു. വിശ്രമിക്കുകയും വേണ്ടതാണെന്ന് പറഞ്ഞപ്പോൾ എനിക്ക് ഈ ലോകത്തുള്ള വിശ്രമത്തെക്കുറിച്ചല്ല പ്രശ്നമുള്ളത് വരാനിരിക്കുന്ന വിശ്രമത്തെക്കുറിച്ചാണ് എനിക്ക് ചിന്തയുള്ളത് എന്ന് പറയുകയുണ്ടായി.

ഈജാസുൽ ഹഖ് സാഹിബ് ശഹീദ്. ഇദ്ദേഹം റഹ്മത് ഹഖ് സാഹിബിന്റെ മകനായിരുന്നു. ശഹീദ് മർഹൂമിന്റെ ബന്ധം ഹദ്റത്ത് മസീഹ് മൗഊദ് ﷺന്റെ സഹാബി ഹദ്റത്ത് ഹിലാൽ ബഖ്ശ് സാഹിബ് (റ) മായിട്ടാണ്. ഉപ്പയുടെ സ്വദേശം അമൃദ്സർ ജില്ലയിലെ പട്യാല ഗ്രാമമായിരുന്നു. പിതാവ് റയിൽവേയിൽ ഉദ്യോഗസ്ഥനാണ്. ലാഹോറിൽ തന്നെയാണ് താമസിക്കുന്നത്. ശഹീദ് ഹോൾറോഡിൽ റിപ്പയറിന്റെ ജോലി ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. ഈ ദിവസങ്ങളിൽ പ്രൈവറ്റ് ചാനലിൽ സാറ്റലൈറ്റ് ടെക്നീഷൻ എന്ന നിലയിലും ജോലി ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. ശഹീദാകുന്ന സമയത്ത് ഇദ്ദേഹത്തിന്റെ പ്രായം 46 വയസ്സായിരുന്നു. മസ്ജിദ് ദാറുദ്ദിക്റിൽ വെച്ച് ശഹീദാക്കപ്പെട്ടു.

സംഭവം നടക്കുന്ന ദിവസം എം.ടി.എ.യിൽ ഖിലാഫത്ത് ജൂബിലിയുടെ സമയത്തുള്ള പ്രതിജ്ഞ കാണിച്ചപ്പോൾ തല മറച്ചുകൊണ്ട് എഴുന്നേറ്റ് നിൽക്കുകയും പ്രതിജ്ഞ ഏറ്റുപറയുകയും ചെയ്തു. ഭാര്യയും ഇദ്ദേഹത്തെ കണ്ട് അപ്രകാരം ചെയ്യുകയുണ്ടായി. അധികവും ദാറുദ്ദിക്റിലാണ് ജുമുഅ നിർവ്വഹിക്കാറുള്ളത്. സംഭവം നടക്കുന്ന ദിവസവും അദ്ദേഹം ജോലി കഴിഞ്ഞ് നേരെ ദാറുദ്ദിക്റിൽ വരികയുണ്ടായി. പുറത്ത് ഗോവണിയുടെ താഴെയിരുന്നു. തീവ്രവാദികൾ വന്നപ്പോൾ വീട്ടിൽ സഹോദരന് ഫോൺ ചെയ്യുകയും ഇപ്രകാരം പറയുകയും ചെയ്തു. ഉടൻ ആയുധമെടുത്തുകൊണ്ട് ദാറുദ്ദിക്റിൽ എത്തുക. അതോടൊപ്പം തന്നെ തന്റെ ടി.വി. ചാനലിലും അപ്പപ്പോൾ റിപ്പോർട്ട് കൊടുത്തുകൊണ്ടിരിക്കുകയും ചെയ്തു. ഈ അവസരത്തിൽ വെടി കൊള്ളുകയും സംഭവസ്ഥലത്ത് തന്നെ ശഹീദാകുകയും ചെയ്തു.

ഭാര്യ പറയുന്നു. എല്ലാവരോടും നല്ല രീതിയിൽ പെരുമാറുന്ന ആളായിരുന്നു. കൃത്യനിഷ്ഠയോടുകൂടി ചന്ദ കൊടുക്കാറുണ്ടായിരുന്നു. എല്ലാ സാമ്പത്തിക ത്യാഗത്തിലും കൂടുതലായി ഭാഗഭാക്കാകാറുണ്ട്. ഹൽഖയിലെ നാസിം അത്ഫാൽ പറയുന്നു. ഇദ്ദേഹത്തിന്റെ മക്കളെ വഖാറെ അമൽ കഴിഞ്ഞോ മറ്റേതെങ്കിലും ജമാഅത്തിയായ പ്രവർത്തികൾ കഴിഞ്ഞോ വീട്ടിൽ കൊണ്ടാക്കുമ്പോൾ നമുക്ക് സേവനം ചെയ്യാനുള്ള അവസരം തന്നിരിക്കയാണെന്ന് പറഞ്ഞ് എപ്പോഴും നന്ദി രേഖപ്പെടുത്തുമായിരുന്നു.

അടുത്ത ആൾ ശേഖ് നദീർ താരിഖ് സാഹിബ് ശഹീദ്. ഇദ്ദേഹം ശേഖ് മുഹമ്മദ് മൻശാ സാഹിബിന്റെ മകനാണ്. ശഹീദിന്റെ കുടുംബക്കാർ ചിനിയോട്ടിലാണ് താമസിച്ചിരുന്നത്. ബിസിനസ്സ് ആവശ്യാർത്ഥം കൽക്കത്തയിലേക്ക് പോയി. 1947 ൽ ഇദ്ദേഹത്തിന്റെ പിതാവ് കൽക്കത്തയിൽ നിന്ന് ഡാക്കയിലും പോയി. അവിടെ നിന്ന് 1991 ൽ ലാഹോറിലേക്ക് തിരിച്ചുവരികയും ചെയ്തു. ശഹീദ് മർഹൂമിന്റെ ഭാര്യയും കൽക്കത്തക്കാരിയാണ്. ഭാര്യയുടെ പിതാമഹൻ യൂസുഫ് സാഹിബ് ഭാനി ഇദ്ദേഹം സിദ്ധീഖ് ഭാനി സാഹിബിന്റെ അനുജനാണ്. ശഹീദ് മർഹൂം ഐ.കോം. ചെയ്തതിനുശേഷം സ്പെയർ പാർട്ട്സിന്റെ ബിസിനസ്സ് നടത്തുകയായിരുന്നു. ശഹീദാകുന്ന സമയത്ത് മർഹൂമിന്റെ പ്രായം 40 വയസ്സായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയായിരുന്നു. ദാറുദ്ദിക്റിൽ വെച്ചാണ് അദ്ദേഹത്തിന്റെ ശഹാദത്ത് നടന്നത്.

എപ്പോഴും ദാറുദ്ദിക്റിൽ തന്നെയാണ് ജുമുഅ നിർവ്വഹിക്കാറുള്ളത്. എന്റെ ഖുത്വുബയുടെ സമയം വരെ അവിടെ തങ്ങുകയും ഖുത്വുബ കേട്ടതിനുശേഷം പള്ളിയിൽ നിന്ന് തിരിച്ചുപോകുമായിരുന്നു. സംഭവസമയത്ത് ഇദ്ദേഹം അമീർ സാഹിബിന്റെ അടുത്തായിരുന്നു ഇരുന്നിരുന്നത്. വലതുകൈക്ക് പരിക്ക് പറ്റി വേറൊരു പരിക്കും ഉണ്ടായിരുന്നില്ല. കൈയ്യിൽ വെടികൊണ്ടതുകാരണം ധാരാളം രക്തം വാർന്ന് പോയതുകൊണ്ടതായിരിക്കാം ശഹീദായത്. ശഹീദ് മർഹൂം രഞ്ജിപ്പ് ഉണ്ടാക്കുന്ന കാര്യത്തിൽ തൽപരനായിരുന്നു. മൃദുലമായി സംസാരിക്കുന്നയാളുമായിരുന്നു. ജോലിയിലായാൽ പോലും കുട്ടികളോട് ഫോൺ ചെയ്തുകൊണ്ട് നമസ്കരിച്ചുവോ എന്ന് ചോദിക്കുമായിരുന്നു. ഈ ഒരു ഉത്തരവാദിത്ത്വമാണ് എല്ലാ പിതാക്കളും ചെയ്യേണ്ടത്. ഇതുമുഖേന ദുആ ചെയ്യാനും അല്ലാഹുവുമായി ബന്ധപ്പെടാനുള്ള ശീലവുമുണ്ടാകുന്നു. ഏകദേശം 4 കിലോമീറ്റർ യാത്രചെയ്തുകൊണ്ട് ഇമാം ജമാഅത്തായി നമസ്കരിക്കാൻ പോകാറുണ്ടായിരുന്നു. ഇവിടെ 4 കിലോമീറ്റർ എന്നത് വലിയൊരു ദൂരമായി തോന്നുകയില്ല, റോഡുമുണ്ട് വാഹന സൗകര്യവുമുണ്ട്. അദ്ദേഹത്തിന്റെ അടുത്തും വാഹനമുണ്ടായിരുന്നു. പക്ഷെ ട്രാഫിക് കാരണം അവിടെ എത്തിപ്പെടുക എന്നുള്ളത് വളരെയധികം ബുദ്ധിമുട്ടുള്ള കാര്യമാണ്. ധനപരമായ ത്യാഗത്തിൽ അങ്ങേയറ്റം ഭാഗഭാക്കാകാറുണ്ട്. ഹൽഖയുടെ പള്ളി നിർമ്മാണത്തിന് ധനപരമായ നിലയിൽ അങ്ങേയറ്റം സേവനം ചെയ്യാനുള്ള ഭാഗ്യം സിദ്ധിച്ചു. ജമാഅത്തിയായ ആവശ്യത്തിന് ഇദ്ദേഹത്തിന്റെ മോർട്ടർ സൈക്കിൾ ആവശ്യപ്പെടുമ്പോഴൊക്കെ നൽകാറുണ്ടായിരുന്നു, എന്നിട്ട് സ്വയം റിക്ഷയിൽ പോകും. സൃഷ്ടിസേവനം സ്ഥിരമായി ചെയ്യുന്നയാളായിരുന്നു. ഇദ്ദേഹത്തിന്റെ കുടുംബത്തിൽ പെട്ട മറ്റുള്ളവരും ധനത്യാഗത്തിൽ എപ്പോഴും മുൻപന്തിയിലാണ്.

ആമിർ ലത്തീഫ് പ്രാചാ സാഹിബ് ശഹീദ് . ഇദ്ദേഹം അബ്ദുൽ ലത്തീഫ് പ്രാചാ സാഹിബിന്റെ മകനാണ്. ശഹീദിന്റെ പിതാവ് സർഗോദാ ജില്ലയിൽ താമസക്കാരനായിരുന്നു. പിതാവ് സർഗോദയിലെ പ്രവർത്തക സമിതിയിലെ സജീവ അംഗമായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് മൂന്നാമനുമായി വളരെ അടുത്ത ബന്ധമുണ്ടായിരുന്നു. ഹദ്റത്ത ഖലീഫത്തുൽ മസീഹ് മൂന്നാമൻ (റഹ്) ജാവയിൽ പോകുമ്പോൾ വഴിയിലുള്ള അബ്ദുൽ ലത്തീഫ് സാഹിബിന്റെ വീട്ടിൽ താമസിക്കാറുണ്ടായിരുന്നു. ശഹീദിന്റെ പിതാവിന്റെ മാതാമഹൻ ബാബു മുഹമ്മദ് അമീൻ സാഹിബ് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഒന്നാമന്റെ കയ്യിലാണ് ബൈഅത്ത് ചെയ്തിരുന്നത്. ശഹീദ് പ്രാഥമിക വിദ്യാഭ്യാസം സർഗോദയിൽ നിന്നാണ് കരസ്ഥമാക്കിയിരുന്നത്. എം.ബി.എ ലാഹോ

റിൽ നിന്നെടുത്തു. ജമാഅത്തിയായ ചന്ദകളും സദക്കകളും കൃത്യ നിഷ്ഠയോടുകൂടി കൊടുക്കാറുണ്ടായിരുന്നു. മഹാത്മാക്കളെ ഖിദ്മത് ചെയ്യാറുണ്ടായിരുന്നു. സർഗോദയിലെ മുൻ അമീർ മിർസാ അബ്ദുൽ ഹഖ് സാഹിബിന്റെ കൂടെ ജോലി ചെയ്തുകൊണ്ടിരുന്നു. സംഭവം നടക്കുന്ന സമയത്ത് സഹോദരന് ഫോൺ ചെയ്തു കൊണ്ട് പറഞ്ഞു, എന്റെ ചുറ്റിലും ശുഹദാക്കളുടെ മയ്യത്താണുള്ളത്. കുറച്ച് കഴിഞ്ഞ് നോക്കിയപ്പോൾ ഇദ്ദേഹത്തിന്റെ മുഖത്തും തോക്കുകൊണ്ട് മർദ്ദിച്ച അടയാളമുണ്ടായിരുന്നു. ഒരു പക്ഷെ തീവ്രവാദി തോക്കുകൊണ്ട് മർദ്ദിച്ചതായിരിക്കാം. അല്ലെങ്കിൽ ശഹീദായോ എന്ന് നോക്കുന്നതിന് അടിച്ചതായിരിക്കാം. ചിലരെ തോക്ക്കൊണ്ട് കുത്തി മരിച്ചുവോ എന്ന് നോക്കിയിരുന്നു. അതുപോലെ ഒരു ഗ്രനേഡ് ഇദ്ദേഹത്തിന്റെ കയ്യിൽ വന്ന് പൊട്ടി കൈക്കും പരിക്ക് പറ്റിയിരുന്നു. ദാറുദ്ദിക്റിൽ ഗോവണിയുടെ താഴത്തായിരുന്നു ഇരുന്നത്. സംഭവസ്ഥലത്ത് വെച്ച്തന്നെ ശഹീദാകുകയുണ്ടായി.

ഇദ്ദേഹത്തിന്റെ ഭാര്യ പറയുന്നു. ശഹീദ് മർഹൂം അങ്ങേയറ്റം സത്യസന്ധനും വിശ്വസ്ഥനുമായിരുന്നു. സത്യസന്ധത കാരണം ജ്വല്ലറിക്കാർ ഒന്നര ലക്ഷം രൂപയോളം വിലവരുന്ന ആഭരണങ്ങൾ അദ്ദേഹത്തെ ഏൽപ്പിക്കാറുണ്ടായിരുന്നു. താൻ അഹ്മദിയാണെന്ന് ഒരിക്കലും മറച്ചുവെച്ചിട്ടില്ല. പിതാവ് ദീർഘനാൾ രോഗിയായി കിടന്നു. അദ്ദേഹത്തെ വേണ്ടും വിധം ശുശ്രൂഷിക്കുകയുണ്ടായി. മാതാവും രോഗിയായിരുന്നു മാതാവിനേയും നല്ലപോലെ ശുശ്രൂഷിച്ചു. സ്തുത്യർഹമായ സേവനം ചെയ്യുന്നയാളും ചന്ദകളിലും ധനത്യാഗത്തിലും ധാരാളം ഭാഗാഭാക്കാകാറുമുള്ള ആളുമായിരുന്നു. പൊതുവിൽ സദഖകൾ രഹസ്യമായിട്ടായിരുന്നു ചെയ്തിരുന്നത്. തന്റെ പിതാവിന്റെ സ്വദേശമായ സർഗോദയിൽ നിന്ന് ധാരാളം രോഗികളെ ലാഹോറിൽ കൊണ്ടുവന്ന് സൗജന്യമായി ചികിത്സിപ്പിക്കാറുണ്ടായിരുന്നു. ത്യാഗം ചെയ്യാനുള്ള ആവേശം അങ്ങേയറ്റമായിരുന്നു. നമസ്കാരം കൃത്യനിഷ്ഠയോടുകൂടി നിർവ്വഹിച്ചിരുന്നു. അതുപോലെ ഖുർആൻ സ്ഥിരമായി പാരായണം ചെയ്യാറുമുണ്ടായിരുന്നു. വീട്ടുകാർ പറയുന്നു. ഇദ്ദേഹത്തെ രാത്രിയിലെ രണ്ടര മണിക്ക് എഴുന്നേറ്റ് തഹജ്ജുദ് നമസ്കരിക്കുന്നതും ഖുർആൻ പാരായണം ചെയ്യുന്നതും കാണാമായിരുന്നു. ശഹീദിന്റെ ഉമ്മ പറയുന്നു. ശഹീദിന്റെ പിതാവിനെ കുറച്ചു ദിവസം തുടർച്ചയായി ഞാൻ സ്വപനത്തിൽ കാണാറുണ്ടായിരുന്നു. വീട്ടിലെ ജോലിക്കാരി പറയുന്നു. ശഹീദാവുന്നതിന് കുറച്ച് ദിവസം മുമ്പ് മാതാവിന് വേണ്ടി 4 ജോഡി വസ്ത്രം കൊണ്ടുവന്നപ്പോൾ എന്റെയടുത്ത് ആദ്യമേ ധാരാളം വസ്ത്രമുണ്ടല്ലോയെന്ന് ഉമ്മ പറഞ്ഞു. അപ്പോൾ മകൻ പറഞ്ഞു. എന്റെ ജീവൻ ഏതുവരെയാണ് ഉണ്ടാകുക എന്ന് പറയാൻ സാധ്യമല്ല, അതുകൊണ്ട് ഞാൻ കൊണ്ട്വന്ന ഈ വസ്ത്രം ധരിക്കുക.

അടുത്ത ആൾ മിർസാ സഫർ അഹ്മദ് സാഹിബ് ശഹീദ്. ഇദ്ദേഹം മിർസാ സഫദർ സാഹിബ് ജെങ്ക് ഹിമയൂണിന്റെ മകനാണ്. ശഹീദ് 1954 ൽ മണ്ടി ബഹാഉദ്ദീനിൽ ജനിച്ചു. ഇദ്ദേഹത്തിന്റെ കുടുംബത്തിൽ ഇദ്ദേഹത്തിന്റെ പിതാമഹൻ മിർസാ നദീർ അഹ്മദ് സാഹിബ് മുഖേനയാണ് അഹ്മദിയ്യത്തിന് ആരംഭം കുറിച്ചത്. ഇദ്ദേഹത്തിന്റെ പിതാമഹൻ മിർസാ നദീർ അഹമദ് സാഹിബ് ഹദ്റത്ത് മുസ്ലീഹ് മൗഊദ് (റ) ന്റെ കയ്യിൽ ബൈഅത്ത് ചെയ്തു. ലാഹോറിൽ നിന്നും മെട്രിക് എടുത്തു. ലായിൽപൂർ യൂനിവേഴ്സിറ്റിയിൽ 2 വർഷം പഠിച്ചു. ഹോസ്റ്റലിൽ ചില ബുദ്ധിമുട്ട് കാരണങ്ങളാൽ യൂനിവേഴ്സിറ്റി ഉപേക്ഷിച്ചു. പിന്നീട് കറാച്ചിയിൽ പോയി. അവിടെ വെച്ച് 3 വർഷം മെക്കാനിക്കൽ ഡിപ്ലോമയെടുത്തു. അതിനുശേഷം ഒരു വർഷം ഉന്നതപഠനം നടത്തി. തന്റെ വകുപ്പുമായി ബന്ധപ്പെട്ട ജോലി കറാച്ചിയിൽ ചെയ്തു. അതിനുശേഷം ജപ്പാനിൽ പോയി. 1981 ൽ ജപ്പാനിൽ സോളാർ എഞ്ചിനിയർ എന്ന നിലയിൽ ജോലി ചെയ്തു. അവിടെ ജമാഅത്തിയായ സേവനങ്ങളും ചെയ്യാനുള്ള അനുഗ്രഹം ലഭിച്ചിരുന്നു. ടോക്കിയോയിൽ മിഷൻ ഹൗസ് അടച്ചപ്പോൾ ഇദ്ദേഹത്തിന്റെ വീടാണ് മിഷൻഹൗസ് എന്ന നിലയിൽ ഉപയോഗിച്ചിരുന്നത്. 1983 ൽ കൊറിയയിൽ വഖ്ഫെ ആർസിക്കുള്ള അവസരം ലഭിച്ചു. 1985 ൽ യു.കെ. വാർഷിക സമ്മേളനത്തിൽ ജപ്പാൻ ജമാഅത്തിന്റെ പ്രതിനിധിയായി പങ്കെടുക്കാനുള്ള അവസരം ലഭിച്ചു. 1993ൽ ഖുദ്ദാമുൽ അഹ്മദിയ്യ സദർ ആയിരുന്നപ്പോൾ പർവ്വതാരോഹണത്തിനും അവിടെ ബാങ്ക് കൊടുക്കാനും അവസരം ലഭിച്ചു. 1999 ൽ ബൈത്തുൽ ഫുത്തൂഹ് നിർമ്മാണ സമയത്ത് ഇദ്ദേഹത്തിനും ഇദ്ദേഹത്തിന്റെ ഭാര്യക്കും ജപ്പാൻ ജമാഅത്തിന്റെ പ്രതിനിധിയായി പങ്കെടുക്കാനുള്ള അവസരം ലഭിച്ചു. ജപ്പാനിൽ സദർ ജമാഅത്ത് ടോക്കിയോ, സെക്രട്ടറി മാൽ ജപ്പാൻ എന്നീ സ്ഥാനങ്ങൾക്ക് പുറമെ 2001 മുതൽ 2003 വരെ നാഇബ് അമീർ, ജപ്പാൻ എന്ന നിലയിലും സേവനം ചെയ്യാനുള്ള തൗഫീഖ് ലഭിച്ചു.

ഒരിക്കൽ ശഹീദിന്റെ അനുസരണത്തിൽ സന്തോഷം പ്രകടിപ്പിച്ചുകൊണ്ട് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമൻ (റഹ്) ഇപ്രകാരം പറഞ്ഞു. ജപ്പാനിലെ മുഴുവൻ അഹ്മദികൾക്കും ഇദ്ദേഹത്തിന്റെ കാലടികൾ പിൻതുടർന്നുകൊണ്ട് സേവനം ചെയ്യാനുള്ള തൗഫീഖ് അല്ലാഹു നൽകുമാറാകട്ടെ. ജപ്പാനിൽ 31 വർഷക്കാലം താമസിച്ചിരുന്നു. ഈ കാലയളവിൽ ജോലിക്ക് പുറമെ മറ്റ് വിദ്യാഭ്യാസ കോഴ്സുകളും എടുത്തുകൊണ്ടിരുന്നു. 2003 ൽ പാക്കിസ്താനിൽ സ്ഥിര താമസമാക്കി. കേപ്റ്റയിൽ ഇദ്ദേഹത്തിന്റെ വീടുണ്ടായിരുന്നു. വീട് നമസ്കാരസെന്ററായി ഉപയോഗിച്ചിരുന്നു. ശഹാദത്ത് സമയത്ത് ഇദ്ദേഹത്തിന്റെ പ്രായം 56 ആയിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയായിരുന്നു. ദാറുദ്ദിക്റിൽ വെച്ച് ശഹീദാക്കപ്പെട്ടു.

എപ്പോഴും ആദ്യത്തെ സഫ്ഫിലായിരുന്നു ഇരിക്കാറുള്ളത്. അമീർ സാഹിബിന്റെ അടുത്ത് ഇരുന്നതേയുള്ളു. ഇദ്ദേഹത്തിന്റെ തലയുടെ പിൻഭാഗത്ത് വെടികൊണ്ടു, വലതുകയ്യിൽ ഗ്രനേഡ് പൊട്ടി മുറിവ് പറ്റി സംഭവസ്ഥലത്ത് തന്നെ ശഹീദാകുകയുണ്ടായി. ഭാര്യ പറയുന്നു. ശഹീദ് ഖിലാഫത്തിനോട് അങ്ങേയറ്റം സ്നേഹമുള്ളയാളായിരുന്നു. ലണ്ടനിൽ പോയാൽ ഖലീഫയുടെ പിന്നിൽ നമസ്കരിക്കാൻ ശ്രമിക്കാറുണ്ടായിരുന്നു. ഖുത്വുബ വളരെ ശ്രദ്ധയോടെ കേൾക്കുമായിരുന്നു. നേരിട്ട് കേൾക്കാൻ സാധിച്ചിട്ടില്ലെങ്കിൽ ഏതുവരെ കേൾക്കുന്നില്ലയോ, അതുവരെ സമാധാനത്തോടെ ഇരിക്കാറില്ല. പറയുകയാണ്. യഥാർത്ഥ അർത്ഥത്തിൽ അദ്ദേഹം എല്ലാവരോടും സ്നേഹം ആരോടും വെറുപ്പില്ല എന്ന മുദ്രാവാക്യത്തിന്റെ പ്രതീകമായിരുന്നു. എല്ലാവരോടും നല്ലരീതിയിൽ പെരുമാറിയിരുന്നു. അമാനത്ത് സൂക്ഷി

ക്കുന്നയാൾ, വാഗ്ദാനം പൂർത്തിയാക്കുന്നയാൾ, ഉന്നതമായ നിലയിൽ ത്യാഗം ചെയ്യുന്നയാൾ, എല്ലാ കാര്യത്തിലും ലാളിത്യമുണ്ടായിരുന്നു. നല്ല രീതിയിൽ സ്നേഹിക്കുന്ന ഒരു ഭർത്താവായിരുന്നു. ചെറിയ ചെറിയ കാര്യങ്ങൾ പോലും ശ്രദ്ധിക്കാറുണ്ടായിരുന്നു. എനിക്ക് എന്തെങ്കിലും ക്ഷീണമുണ്ടെങ്കിൽ സ്വയം ഭക്ഷണം പാകം ചെയ്യുമായിരുന്നു. പരാതി പറയുന്ന ശീലമുണ്ടായിരുന്നില്ല. ജപ്പാനിലെ മലിക് മുനീർ സാഹിബ് എഴുതുന്നു. മിർസാ സഫർ അഹ്മദ് സാഹിബ് വളരെ ലളിതമായ ജീവിതമായിരുന്നു നയിച്ചിരുന്നത്. വളരെ കുറച്ച് മാത്രമെ സംസാരിക്കാറുണ്ടായിരുന്നുള്ളു. ശുദ്ധമായ പ്രകൃതവും സത്യസന്ധനുമായിരുന്നു. ദീനിന് ഖിദ്മത്ത് ചെയ്യുക എന്നത് അദ്ദേഹത്തിന്റെ പ്രകൃതത്തിൽ കുത്തി നിറച്ചിരുന്നു. ഈ ലക്ഷ്യം പൂർത്തിയാക്കാൻ എപ്പോഴും തയ്യാറായി നിൽക്കാറുണ്ടായിരുന്നു. അനുസരണത്തിൽ ഉന്നതനില കൈവരിച്ചയാളായിരുന്നു. ജമാഅത്തിലെ താഴ്ന്ന ഉദ്യോഗസ്ഥന്മാർ മുതൽ വലിയ ഉദ്യോഗസ്ഥന്മാർ വരെ എല്ലാവരോടും തുല്യമായ നിലയിൽ പെരുമാറുകയും ആദരിക്കുകയും ചെയ്യാറുണ്ടായിരുന്നു. ജമാഅത്തിയായ ഖിദ്മത്തിനെ ഒരിക്കലും നിഷേധിക്കാറുണ്ടായിരുന്നില്ല. ഒരു വർഷം മാതൃക അത്ഫാലായി തിരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹത്തോട് അസൂയ തോന്നാറുണ്ട്. ഏതെങ്കിലും പ്രവൃത്തി അദ്ദേഹത്തിനെ ഏൽപ്പിക്കുകയാണെങ്കിൽ വളരെ നല്ല നിലയിൽ ചെയ്തുതീർക്കാൻ ശ്രമിക്കുമായിരുന്നു.

ജപ്പാനിൽ പോകുന്നതിനുമുമ്പ് തന്നെ സ്ഥിരമായി ദീനിന് സേവനം ചെയ്യാൻ വഖ്ഫ് ചെയ്തിരുന്നു. മഗ്ഫൂർ അഹ്മദ് മുനീർ സാഹിബ് റബ്‌വയിലെ നമ്മുടെ മുറബ്ബിയാണ്. അദ്ദേഹം എഴുതുകയാണ്. ഇദ്ദേഹവും (മുറബ്ബിസാഹിബ്) ജപ്പാനിൽ താമസിച്ചിരുന്നു. മിർസ സഫർ അഹ്മദ് സാഹിബ് ജപ്പാനിൽ താമസിച്ച കാലമത്രയും ജമാഅത്തിന് ചെയ്ത സേവനം വഖ്ഫ് ചെയ്ത ആളുകൾ ചെയ്യുന്ന സേവനത്തേക്കാൾ ഒട്ടും കുറവല്ല, മറിച്ച് അദ്ദേഹത്തിന്റെ ത്യാഗം ജമാഅത്ത് അനുകരിണിയ്യമാണ്. സമയം ത്യാഗം ചെയ്യുന്നതിലും, ധനം ത്യാഗം ചെയ്യുന്നതിലും എല്ലാവരേക്കാളും മുൻപന്തിയിലായിരുന്നു. താൽക്കാലിക മുബല്ലിഗായിരുന്നു. സിക്രട്ടറി മാൽ ജപ്പാൻ ആയിരുന്നു. സദർ ജമാഅത്ത് ടോക്കിയോ ആകുകയുണ്ടായി. ഖിലാഫത്തിനോട് അങ്ങേയറ്റം സ്നേഹമുണ്ടായിരുന്നു. നമസ്കാരത്തിൽ വളരെ ശ്രദ്ധയോടുകൂടി ദുആ ചെയ്യാറുണ്ടായിരുന്നു. നമസ്കാരത്തിൽ കണ്ണ് നിറയാറുണ്ടായിരുന്നു. അങ്ങേയറ്റം സ്നേഹിക്കുന്നയാളായിരുന്നു. എല്ലാവരുടെയും ബുദ്ധിമുട്ട് കേട്ടുകൊണ്ട് കണ്ണ് നിറയാറുണ്ടായിരുന്നു.

അടുത്തയാൾ മിർസാ മഹ്മൂദ് അഹ്മദ് സാഹിബ് ശഹീദ്. ഇദ്ദേഹം അക്ബറലി സാഹിബിന്റെ മകനാണ്. ശഹീദ് ബദോവലി ജില്ല നാറോവാലയിൽ താമസിക്കുന്നയാളായിരുന്നു. ഇദ്ദേഹത്തിന്റെ പിതാമഹൻ ഇനായത്തുല്ലാഹ് സാഹിബ് (റ) ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ സഹാബിയായിരുന്നു. ടെലിഫോൺ ഓഫീസിൽ ജോലി ചെയ്തുകൊണ്ടിരുന്നു. 2008 ൽ റിട്ടയറായി. 35 വർഷമായി ലാഹോറിൽ താമസിച്ചുവരുന്നു. ശഹീദാവുന്ന സമയത്ത് ഇദ്ദേഹത്തിന്റെ പ്രായം 58 ആയിരുന്നു. മസ്ജിദ് നൂർ മാൽടൗണിൽ ശഹീദാവുകയുണ്ടായി.

പൊതുവിൽ മാൽടൗണിൽ തന്നെയാണ് ജുമുഅ നിർവ്വഹിക്കാറുള്ളത്. സംഭവം നടക്കുന്ന സമയത്ത് പിന്നിലുള്ള ഹാളിൽ ഇരിക്കുകയായിരുന്നു. ആ സമയത്ത് ഇദ്ദേഹത്തിന്റെ നെറ്റിത്തടത്തിൽ വെടികൊണ്ടു, അങ്ങിനെ സംഭവസ്ഥത്ത് തന്നെ ശഹീദായി. ഭാര്യ പറയുന്നു. ജമാഅത്തിയായ സേവനത്തിൽ എപ്പോഴും മുൻപന്തിയിലായിരുന്നു. പല പ്രാവശ്യം വഖ്ഫെ ആർസി ചെയ്യാനുള്ള തൗഫീഖ് ലഭിച്ചു. വളരെ മൃദുലസ്വഭാവവും ലളിത പ്രകൃതക്കാരനുമായിരുന്നു. കഠിനാധ്വാനിയായിരുന്നു. ഇദ്ദേഹത്തിന്റെ മകൻ കൈസർ മഹ്മൂദ് സാഹിബ് ആ സമയത്ത് ഡ്യൂട്ടിയിലുണ്ടായിരുന്നു. സംഭവത്തിൽ സുരക്ഷിതനായി. ശഹീദ് മർഹൂം ശഹീദാകുന്നതിന് 4 ദിവസം മുമ്പ് ഭാര്യ ഒരു സ്വപ്നം കണ്ടു. സ്വപ്നത്തിൽ കാണുകയാണ്. ഒരു മനോഹരമായ തോട്ടം. അതിൽ തണുത്ത കാറ്റടിക്കുകയും നദികൾ ഒഴുകുകയും ചെയ്തുകൊണ്ടിരിക്കുന്നു. മനോഹരമായ ബിൽഡിംഗും അതിൽ ഉണ്ടാക്കിയിരിക്കുന്നു. മഹ്മൂദ് സാഹിബ് എന്നോട് പറയുകയാണ് നിങ്ങൾക്ക് വേണ്ടി ഞാൻ വീടുണ്ടാക്കിയിരിക്കുന്നു. ഇത് എന്റെ വീടാണ് ഇനി ഞാൻ ഇവിടെ താമസിക്കുന്നതാണ്. ആ ബിൽഡിംഗിൽ നിന്ന് സുഗന്ധം വമിച്ചുകൊണ്ടിരുന്നു. അല്ലാഹു ഇദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ.

ശേഖ് അക്റം അത്ഹർ സാഹിബ് ശഹീദ്. ഇദ്ദേഹം ശേഖ് ശംസുദ്ദീൻ സാഹിബിന്റെ മകനായിരുന്നു. ശഹീദിന്റെ പിതാവ് ജില്ലാ സർഗോദയിലെ ചക്കടാവാല ഗ്രാമത്തിലാണ് താമസിച്ചിരുന്നത്. പ്ലേഗ് മുഖേന എല്ലാ ബന്ധുക്കളും വഫാത്തായപ്പോൾ ജില്ലാ സർഗോദയിലെ തന്നെ മിട്രാൻജാല ഗ്രാമത്തിൽ വന്ന് താമസമാക്കുകയുണ്ടായി. ശഹീദിന്റെ പിതാവിന്ന് ഹദ്റത്ത് മസീഹ് മൗഊദ് عليه السلام നേയും പിന്നീട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) നെയും ഖിദ്മത്ത് ചെയ്യാനുള്ള അവസരം ലഭിച്ചിരുന്നു. പക്ഷെ ബൈഅത്ത് ചെയ്യാനുള്ള ഭാഗ്യം മുസ്‌ലിഹ് മൗഊദ് (റ) ന്റെ കാലത്താണ് ലഭിച്ചത്. ശഹീദിന്റെ ഭാര്യാപിതാവ് ഖാജാ മുഹമ്മദ് ശരീഫ് സാഹിബ് (റ) ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ സഹാബിയായിരുന്നു. ശഹീദ് മർഹൂമിന്റെ പിതാവ് ശേഖ് ശംസുദ്ദീൻ സാഹിബിന്റെ തബ്‌ലീഗിന്റെ ഫലമായി മിർസാ അബ്ദുൽ ഹഖ് സാഹിബിന്റെ കുടുംബത്തിൽ അഹ്മദിയ്യത്ത് വന്നു. മൗലവി അത്താഉല്ലാഹ് ഖാൻ സാഹിബ് ദർവേശ് ഖാദിയാൻ ഇദ്ദേഹത്തിന്റെ സഹോദരി ഭർത്താവായിരുന്നു. മുനീർ അഹ്മദ് മുനവ്വർ സാഹിബ് മുറബ്ബി സിൽസില - അദ്ദേഹം ഇവിടേയും താമസിച്ചിരുന്നു. ഇപ്പോൾ പോളണ്ടിലാണ് - ഇദ്ദേഹത്തിന്റെ സഹോദരി പുത്രനുമാണ്. ശഹീദാകുന്ന സമയത്ത് ഇദ്ദേഹത്തിന് 66 വയസ്സായിരുന്നു. ദാറുദ്ദിക്റിൽ വെച്ച് ശഹീദാവുകയുണ്ടായി.

ദാറുദ്ദിക്റിലെ മെയ്ൻ ഹാളിന്റെയടുത്ത് കസേരയിൽ ഇരിക്കുകയായിരുന്നു. വാർദ്ധക്യം കാരണമായി ഏറ്റവും അവസാനമാണ് കസേരയിൽ നിന്ന് എഴുന്നേറ്റത്. പക്ഷെ ഇതിന്നിടയിൽ തലക്കും വാരിയെല്ലിനും തീവ്രവാദികളുടെ വെടികൊണ്ട് ശഹീദാവുകയായിരുന്നു. ഭാര്യ പറയുന്നു. ശഹീദ് മർഹൂം രണ്ടുമൂന്നു മാസമായി എന്റെ സമയം അടുത്തിരിക്കുന്നുവെന്ന് പറഞ്ഞുകൊണ്ടിരിക്കാറുണ്ടായിരുന്നു. കുറച്ചുകാലമായി തികച്ചും മൗനമായിട്ടായിരുന്നു ഉണ്ടായിരുന്നത്. ഇദ്ദേഹത്തിന്റെ മകന്റെ ഭാര്യ ഒരു സ്വപ്നം കാണുകയുണ്ടായി. മജ്‌ലിസ് അൻസാറുല്ലായുടെ ഹാൾ - ഞാനിതിന് മുമ്പ് ഒരിക്കലും അത് കണ്ടിട്ടില്ല - അവിടുന്ന് എനിക്ക് മൂന്ന് ഉപഹാരങ്ങൾ ലഭിച്ചു. അതുമായി ഞാൻ ലാഹോറിലേക്ക് തിരിച്ചുവന്നു.

എല്ലാ ശുഹദാക്കളുടേയും ജനാസ അൻസാറുല്ലായുടെ ഹാളിലാണ് നടന്നിരുന്നത്. ശഹീദിന് തബ്‌ലീഗ് ചെയ്യാൻ വളരെയധികം താൽപര്യമുണ്ടായിരുന്നു. അടുത്തുള്ള ഗ്രാമങ്ങളിൽ പോയി പല ആളുകളുമായി ബന്ധപ്പെട്ട് തബ്‌ലീഗ് ചെയ്യാറുണ്ടായിരുന്നു. അൽഫസൽ എപ്പോഴും കീശയിലിട്ടുകൊണ്ടാണ് പോകാറുണ്ടായിരുന്നത്. പുകവലിക്കെതിരെ വലിയ ജിഹാദ് ചെയ്യാറുണ്ടായിരുന്നു. വഴിയിൽ പുക വലിക്കുന്ന ആളുകളോട് ഇത് ചെയ്യാൻ പാടില്ല എന്നും, എന്തെങ്കിലും കൊടുത്തുകൊണ്ട് ഇത് തിന്നോളൂ പക്ഷെ പുക വലിക്കരുത് എന്നും പറയുമായിരുന്നു. തഹജ്ജുദ് നമസ്കരിക്കുന്ന ആളായിരുന്നു. ഇദ്ദേഹത്തിന്റെ സൽപ്രവർത്തി കാരണമാണ് ഇദ്ദേഹത്തിന്റെ കല്യാണം നടന്നത്. വളരെയധികം ദുആ ചെയ്യുന്ന ആളായിരുന്നു. പ്രത്യേകിച്ച് പലരുടേയും പേരെടുത്തുകൊണ്ട് ദുആ ചെയ്യാറുണ്ടായിരുന്നു. ചന്ദയുടെ കാര്യത്തിൽ വളരെയധികം കൃത്യനിഷ്ഠ പാലിച്ചിരുന്നു. ശമ്പളം കിട്ടിയ ഉടനെ തന്നെ ആദ്യം മാൽ സെക്രട്ടറിയുടെ വീട്ടിൽ പോയി ചന്ദ കൊടുക്കുമായിരുന്നു. ചന്ദ കൊടുക്കേണ്ട യഥാർത്ഥ രീതിയാണിത് - കുടിശ്ശിക ഉള്ള ആളുകളോട് എന്തുകൊണ്ടാണ് കുടിശ്ശിക ആയത് എന്നു ചോദിച്ചാൽ, തിരിച്ചു പരാതി പറഞ്ഞുകൊണ്ട് എന്തുകൊണ്ട് ഇതിനെക്കുറിച്ച് പറഞ്ഞിട്ടില്ല, പറഞ്ഞിരുന്നുവെങ്കിൽ ഞങ്ങൾക്ക് കുടിശ്ശിക ഉണ്ടാകുമായിരുന്നില്ലല്ലോ എന്നാണ് പറയാറുള്ളത്. എന്നാൽ സ്വന്തമായി അന്വേഷിച്ച് ചന്ദ കൊടുക്കുക എന്നത് ഓരോരുത്തുരുടേയും ഉത്തരവാദിത്വമാണ്. - ഖിലാഫത്ത് ജൂബിലി അവസരത്തിൽ പ്രബന്ധമത്സരത്തിൽ പങ്കെടുക്കുകയും അതിൽ എ ഗ്രേഡ് കരസ്ഥമാക്കുകയും ചെയ്തു.

അടുത്തയാൾ മിർസാ മൻസൂർ ബേഗ് സാഹിബ് ശഹീദ്. ഇദ്ദേഹം മിർസാ സർവ്വർ ബേഗ് സാഹിബിന്റെ മകനായിരുന്നു. ശഹീദിന്റെ പൂർവ്വപിതാക്കൾ അമൃത്സർ ജില്ലയിലെ പായ് ഗ്രാമത്തിൽ താമസിക്കുന്നവരായിരുന്നു. ഇദ്ദേഹത്തിന്റെ പിതൃവ്യൻ മിർസാ മുനവ്വർ അഹ്മദ് ബേഗ് സാഹിബ് 1953 ന് മുമ്പാണ് ബൈഅത്ത് ചെയതിരുന്നത്, 1985 ൽ ജമാഅത്തിന്റെ ഒരു ശത്രു ഇദ്ദേഹത്തിനെ ശഹീദാക്കുകയുണ്ടായി. ഇദ്ദേഹത്തിന് കടയായിരുന്നു. മൻസൂർ സാഹിബ് ശഹീദാകുമ്പോൾ അദ്ദേഹത്തിന്റെ പ്രായം 29 ആയിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയായിരുന്നു. സെക്രട്ടറി ഇശാഅത്ത് നാസിം തഹ്‌രീക് ജദീദ്, സെക്യൂരിറ്റി ഡ്യൂട്ടിയിലും ഖിദ്മത്ത് ചെയ്യാനുള്ള അവസരം ലഭിച്ചിട്ടുണ്ടായിരുന്നു. മസ്ജിദ് നൂറിൽ വെച്ചാണ് ശഹീദായത്. ജുമുഅ ദിവസം രാവിലെ ഇദ്ദേഹത്തിന്റെ മജ്‌ലിസിലെ ഖാഇദ് സാഹിബ് ഡ്യൂട്ടി ചെയ്യണമെന്ന് പറഞ്ഞു. ഖാഇദ് സാഹിബ് വീണ്ടും 11 മണിക്ക് ഓർമ്മപ്പെടുത്താനായി ഫോൺ ചെയ്തു. അപ്പോൾ പറഞ്ഞു. ഖാഇദ് സാഹിബ് പരിഭ്രമിക്കേണ്ട, ആവശ്യം വരികയാണെങ്കിൽ ആദ്യത്തെ വെടി എന്റെ നെഞ്ചിൽ കൊള്ളാനും തയ്യാറാണ്.

മസ്ജിദ് നൂറിൽ ആളുകളെ ചെക്ക് ചെയ്യുന്ന ഡ്യൂട്ടിയായിരുന്നു. മെയ്ൻ ഗേറ്റിന്റെ പുറത്ത് ബേരിയറിലാണ് ഡ്യൂട്ടിയുണ്ടായിരുന്നത്. ഖുദ്ദാമിനെ ചെക്ക് ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. തീവ്രവാദികൾ വന്ന് ഉടനെ വെടിവെക്കുകയുണ്ടായി. ആദ്യത്തെ വെടി ഇദ്ദേഹത്തിനാണ് കൊണ്ടത്. സംഭവസ്ഥലത്ത് വെച്ച് തന്നെ ശഹീദാകുകയുണ്ടായി. സംഭവം നടക്കുന്നതിന് മുമ്പ് തന്റെ ഒരു സ്വപ്നം കേൾപ്പിക്കുകയുണ്ടായി. സ്വപ്നം ഇപ്രകാരമാണ്, ആരോ എന്നെ മർദ്ദിക്കുന്നു. കറുത്ത നായ്ക്കളും എന്റെ പിന്നാലെ കൂടിയിരിക്കുന്നു. ശഹീദ് ജമാഅത്തിയായ സേവനം ചെയ്യുന്ന വ്യക്തിയും അങ്ങേയറ്റം അനുസരണം പുലർത്തുന്ന ആളുമായിരുന്നു. മൃദുലസ്വഭാവക്കാരനും എപ്പോഴും ചിരിക്കുന്ന ആളുമായിരുന്നു. അഞ്ച് നേരം കൃത്യനിഷ്ഠയോടുകൂടി നമസ്കരിക്കുന്ന ആളായിരുന്നു. ഇദ്ദേഹത്തിന്റെ കല്യാണം കഴിഞ്ഞു. ഭാര്യ ഗർഭിണിയാണ്. അല്ലാഹു ദീർഘായുസ്സും സ്വാലിഹുമായ സന്താനങ്ങളെ നൽകുമാറാകട്ടെ. മാതാവും ഭാര്യയും സന്തോഷം കാണുമാരാകട്ടെ.

മിയാൻ മുഹമ്മദ് അഹ്മദ് സാഹിബ് ശഹീദ്. ഇദ്ദേഹം മൗലവി അബ്ദുസ്സലാം ഉമ്മർ സാഹിബിന്റെ മകനായിരുന്നു. ശഹീദ് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഒന്നാമൻ (റ) പൗത്രനായിരുന്നു. ഇദ്ദേഹം 1940 ഒക്ടോബർ 11-ാം തീയ്യതി ഹൈദരാബാദ് ദക്കനിൽ, ഇദ്ദേഹത്തിന്റെ ഉമ്മയുടെ പിതാവ് മിർ മുഹമ്മദ് സയ്യിദ് സാഹിബിന്റെ വീട്ടിൽ ജനിച്ചു. മിർ സയ്യിദ് സാഹിബ് (റ) ന്ന് ഹദ്റത്ത് മസീഹ് മൗഊദ് ﷺ ബൈഅത്ത് ചെയ്യാനുള്ള അനുവാദം കൊടുത്തു. അദ്ദേഹത്തിന്റെ ബൈഅത്തിന്റെ ഫലമായി ഹൈദരാബാദ് ദക്കനിലെ ഇദ്ദേഹത്തിന്റെ ശിഷ്യൻമാർ ബൈഅത്ത് ചെയ്തു. ശഹീദ് ബി.എ. വരെ പഠിച്ചിരുന്നു. 1962 ൽ ലാഹോറിലേക്ക് താമസം മാറി. ശഹാദത്ത് സമയത്ത് ശഹീദ് മർഹൂമിന്റെ പ്രായം 70 ആയിരുന്നു. ബൈത്തുന്നൂർ മാൽടൗണിൽ വെച്ച് ശഹീദായി. എല്ലാ ജുമുഅ ദിവസവും ജുമുഅ നമസ്കരിക്കുന്നതിന്നായി വീട്ടിൽ നിന്ന് 12 മണിക്ക് പുറപ്പെടുമായിരുന്നു. എന്നാൽ സംഭവം നടക്കുന്ന ദിവസം സുഖമില്ലാത്തതുകൊണ്ട് ഏകദേശം 1 മണിക്കാണ് എത്തിയത്. പള്ളിയുടെ വരാന്തയിൽ നാസിർ സാഹിബിന്റെ കൂടെ കസേരയിൽ ഇരിക്കുകയായിരുന്നു. അക്രമം നടക്കുന്ന സമയത്ത് ഇദ്ദേഹം ഹാളിന്റെ അകത്ത് കടന്നുകൊണ്ട് ആദ്യത്തെ സഫ്ഫിൽ ഇരുന്നു. വാതിൽ അടക്കാൻ വേണ്ടി ശ്രമിച്ചപ്പോൾ തീവ്രവാദികൾ തോക്ക് വാതിലിനിടയ്ക്ക് വെച്ചുകൊണ്ട് വെടിവെച്ചു. ആദ്യത്തെ വെടി തലക്ക് കൊണ്ടു. സംഭവസ്ഥലത്ത് തന്നെ ശഹീദായി. ഏകദേശം 10 വർഷം മുമ്പ് ഇദ്ദേഹം സ്വപ്നത്തിൽ കാണുകയാണ്. ഹദ്റത്ത് ഉമർ (റ) ന്റെ കബറിന്റെയടുത്ത് ഒരു കബർ തയ്യാറാക്കപ്പെട്ടിരിക്കുന്നു. ചോദിച്ചപ്പോൾ പറഞ്ഞു. ഇത് നിന്റെ കബറാണ്. സംഭവം നടന്നതിനു ശേഷമാണ് ഈ സ്വപ്നത്തിന്റെ വ്യാഖ്യാനം മനസ്സിലായത്. ഇദ്ദേഹം ഹദ്റത്ത് ഉമർ (റ) സന്താനപരമ്പരയിൽപ്പെട്ട ആളായിരുന്നു. ശഹാദത്തിന്റെ രീതിയും രണ്ട് പേരുടേയും ഒരു പോലെയായിരുന്നു. ശഹാദത്തിനുശേഷം ഇദ്ദേഹത്തിന്റെ മകൾ സ്വപ്നത്തിൽ ഉപ്പ വന്നതായി കണ്ടു. എന്നിട്ട് പറയുകയാണ്. എന്റെ മുറി സെറ്റാക്കുക. അങ്ങിനെ ഇവർ സെറ്റാക്കുകയുണ്ടായി. കുറച്ചുനേരം കഴിഞ്ഞപ്പോൾ കുറച്ച് അതിഥികൾ വന്നുകൊണ്ട് പറഞ്ഞു ഞങ്ങൾ ശഹീദിന്റെ മുറി കാണാൻ ആഗ്രഹിക്കുന്നു. ശഹീദിന്റെ മകൻ നൂർ അമീൻ സാഹിബ് പറയുന്നു. ശഹീദ് സാഹിബിന്റെ നിക്കാഹിന്റെ കാര്യം പറഞ്ഞപ്പോൾ ചിലർ ഇദ്ദേഹം ബൈഅത്ത് ചെയ്യാത്ത ആളാണെന്ന് വരുത്തിത്തീർക്കാൻ ശ്രമിച്ചു. ഇക്കാര്യം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് മൂന്നാമൻ (റഹ്) യുടെ അടുത്തെത്തി, അപ്പോൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് മൂന്നാമൻ (റഹ്) പറഞ്ഞു. ഇദ്ദേഹത്തിന്റെ ബൈഅത്ത് പുതുക്കേണ്ട ആവശ്യം എന്തിരിക്കുന്നു. ഏറ്റവും ആദ്യം ബൈ

അത്ത് ചെയ്ത വ്യക്തിയുടെ പൗത്രനാണല്ലൊ. അദ്ദേഹം (ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഒന്നാമൻ (റ)) ഹദ്റത്ത് മസീഹ് മൗഊദ് (അ)നെ അങ്ങേയറ്റം സ്നേഹിക്കുന്ന ആളുമായിരുന്നു. അബുൽ അത്താ സാഹിബ് ജലന്ദരി(റ)യാണ് ഇദ്ദേഹത്തിന്റെ നിക്കാഹ് നിർവ്വഹിച്ചത്. ഇദ്ദേഹത്തിന്റെ ബന്ധു ഇദ്ദേഹത്തിന്റെ ഗുണത്തെക്കുറിച്ച് പറഞ്ഞുകൊണ്ട് പറയുന്നു. ശഹീദ് മർഹൂം നല്ല രീതിയിൽ പെരുമാറുന്ന ആളും അതിഥികളെ സേവിക്കുന്ന ആളും രോഗികളെ ശുശ്രൂഷിക്കുന്ന ആളുമായിരുന്നു. ശഹീദ് സിന്ദിൽ താമസിക്കുന്ന സമയത്ത് പല കുട്ടികളുടെയും കല്ല്യാണം കഴിപ്പിക്കാനും പല കുട്ടികളെ പഠിപ്പിക്കാനുമുള്ള ചിലവ് സ്വയം വഹിക്കാനുള്ള തൗഫീഖ് ലഭിച്ചു. അതിഥികളെ സേവിക്കുക എന്നത് അദ്ദേഹത്തിന്റെ പ്രകൃതത്തിൽ കുത്തി നിറച്ചിരുന്നു. വീട്ടിൽ ഏതെങ്കിലും അതിഥി വന്നാൽ ഭക്ഷണം കഴിക്കാതെ പോകാൻ അനുവദിക്കുമായിരുന്നില്ല. തഹജ്ജുദ് കൃത്യനിഷ്ഠയോടെ നിർവ്വഹിച്ചിരുന്നു.

ഡോ.താരിഖ് ബശീർ സാഹിബ് ശഹീദ്, ഇദ്ദേഹം ചൗധരി യൂസുഫ് ഖാൻ സാഹിബിന്റെ മകനായിരുന്നു. ശഹീദിന്റെ പിതാവ് ശക്കർഘട്ട് നിവാസിയായിരുന്നു. പിതാവ് ബൈഅത്ത് ചെയ്തുകൊണ്ട് ജമാഅത്തിൽ പ്രവേശിച്ചു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് രണ്ടാമൻ (റ) ന്റെ നിർദ്ദേശപ്രകാരം ജമാഅത്തിന്റെ ഭൂമി നോക്കാൻ സിന്ധിൽ പോകുകയുണ്ടായി. കറാച്ചിയിലും താമസിച്ചിരുന്നു. ശഹീദ് കറാച്ചിയിലാണ് ജനിച്ചത്. അതിനുശേഷം വീണ്ടും ശക്കർഘട്ടിലേക്ക് മാറി. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം ശഹീദ് ലാഹോറിലേക്ക് വരികയും ലാഹോറിൽ നിന്ന് എം.ബി.ബി.എസ് ന് പുറമെ മെഡിക്കലിലെ മറ്റ് കോഴ്സുകളും എടുത്തു. 15 വർഷം കുസൂർ ഗവൺമെന്റ് ഹോസ്പിറ്റലിൽ ജോലി ചെയ്തു. ശഹാദത്ത് സമയത്ത് നൂർ ഹോസ്പിറ്റൽ ലാഹോറിൽ എം.എ.എസ്. എന്ന നിലയിൽ ജോലി ചെയ്യുകയായിരുന്നു. കുസൂറിൽ ക്ലിനിക്കുമുണ്ടായിരുന്നു. ശഹീദാവുന്ന സമയത്ത് ഇദ്ദേഹത്തിന്റെ പ്രായം 57 ആയിരുന്നു. ദാറുദ്ദിക്റിൽ വെച്ചാണ് ശഹീദായത്. ദാറുദ്ദിക്റിലെ മെയ്ൻ ഹാളിന്റെ മിഹ്റാബിന്റെ ഇടത്തെ ഭാഗത്ത് ഇരിക്കുകയായിരുന്നു. പുറത്തെ അക്രമത്തിനു ശേഷം ആദ്യത്തെ ഗ്രനേഡ് അകത്തേക്ക് എറിഞ്ഞപ്പോൾ, പൊട്ടി ഇദ്ദേഹത്തിന് മുറിവ് പറ്റുകയുണ്ടായി. അതേയവസ്ഥയിൽ ശഹീദാവുകയും ചെയ്തു. ശഹീദിന്റെ ഭാര്യ കുറച്ചു ദിവസം മുമ്പ് സ്വപ്നത്തിൽ കാണുകയുണ്ടായി. ആകാശത്തിൽ ഒരു നല്ല വീട് അത് അന്തരീക്ഷത്തിൽ ഉലാത്തിക്കൊണ്ടിരിക്കുന്നു. ഇദ്ദേഹം അതിൽ പറന്നുകൊണ്ടിരിക്കുന്നു. മറ്റൊരു സ്വപ്നത്തിൽ കാണുന്ന ഭൂകമ്പവും കൊടുങ്കാറ്റും വന്നു, സാധനങ്ങളൊക്കെ അനങ്ങിക്കൊണ്ടിരിക്കുകയാണ്. ഞാൻ ഓടിക്കൊണ്ടിരിക്കുന്നു. പക്ഷെ രക്ഷപ്പെടാൻ സാധിക്കുന്നില്ല. വീണ്ടും ഭാര്യ പറയുന്നു. ആരോടും ഒരിക്കലും കഠിനമായി സംസാരിച്ചിരുന്നില്ല. കുട്ടികളോട് - പ്രത്യേകിച്ച് പെൺകുട്ടികളോട് - സ്നേഹമുണ്ടായിരുന്നു. രോഗികളോട് നല്ല നിലയിൽ പെരുമാറിയിരുന്നു. എല്ലാവരോടും ദയ കാണിക്കാറുണ്ടായിരുന്നു. ഇദ്ദേഹത്തിന്റെ വീട്ടുടമസ്ഥൻ പ്രദേശത്തുള്ള ആളുകളിൽ നിന്ന് ഇദ്ദേഹത്തിന്റെ ശഹാദത്തിനെക്കുറിച്ച് അറിഞ്ഞപ്പോൾ അദ്ദേഹത്തിന് വളരെയധികം ദുഃഖമുണ്ടായി. അതിന്റെ ഫലമായി തലചുറ്റിവീണു. 6 വർഷമായി വീടിന്റെ വാടക ഉടമസ്ഥന് വീട്ടിൽ പോയി കൊടുക്കാറുണ്ടായിരുന്നു. ഒരിക്കലും വീടിന്റെ ഉടമസ്ഥന് ഇദ്ദേഹത്തിന്റെ അടുത്ത് വന്ന് വീടിന്റെ വാടക വാങ്ങാനുള്ള അവസ്ഥ ഉണ്ടായിരുന്നില്ല. ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ഗ്രന്ഥങ്ങൾ വളരെ താൽപര്യത്തോട് കൂടി വായിക്കുമായിരുന്നു. ചന്ദ കൃത്യനിഷ്ഠയോടു കൂടി കൊടുക്കാറുണ്ടായിരുന്നു. ഭാര്യയോട് എപ്പോഴും പറയാറുള്ളത് മാസത്തിലെ വരുമാനത്തിൽ നിന്ന് ഒരു ഭാഗം ദരിദ്രർക്ക് വേണ്ടി മാറ്റിവെക്കണംഎന്നായിരുന്നു. എന്റെ ഖുത്വുബ കൃത്യനിഷ്ഠയോടു കൂടി കേൾക്കാറുണ്ടായിരുന്നു. ചിലപ്പോൾ കേട്ട ഖുത്വുബ തന്നെ വീണ്ടും വീണ്ടും കേൾക്കുമായിരുന്നു. ഇദ്ദേഹത്തിന്റെ ഒരു മകനും എം.ബി.ബി. എസ് ചെയ്തു. ഇപ്പോൾ ഹൗസ് സർജൻ ചെയ്യുകയാണ്. ഈ സംഭവത്തിൽ മകന് പരിക്ക് പറ്റിയിരുന്നു. ഇദ്ദേഹത്തിനും മറ്റ് പരിക്ക് പറ്റിയവർക്കും പരിപൂർണ്ണമായ സുഖം നൽകുമാറാകട്ടെ.

അശദ് മഹ്മൂദ് ഭട്ട് സാഹിബ് ശഹീദ്. ഇദ്ദേഹം മഹ്മൂദ് അഹ്മദ് ഭട്ട് സാഹിബിന്റെ മകനായിരുന്നു. ശഹീദിന്റെ പിതാമഹന്റെ പിതാവ് അബ്ദുല്ലാഹ് ഭട്ട് സാഹിബ് അഹ്മദിയ്യത്ത് സ്വീകരിച്ചു. സിയാൽകോട്ടിലെ പസ്റൂരിലെ നിവാസിയായിരുന്നു. ഇദ്ദേഹത്തിന്റെ ഉമ്മയുടെ പിതാമഹൻ ജാൻ മുഹമ്മദ് സാഹിബ് (റ) ദസ്ക നിവാസിയായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ സഹാബിയായിരുന്നു. ശഹീദ് മർഹൂമിന്റെ പിതാവിന് എയർ പോർട്ടിലായിരുന്നു ജോലി. ജോലിസമയത്ത് വിവിധ സ്ഥലങ്ങളിൽ താമസിക്കേണ്ടി വന്നു. ശഹീദ് ലാഹോറിലാണ് ജനിച്ചത്. എം.കോം. ചെയ്തിരുന്നു. ശഹാദത്തിന്റെ സമയത്ത് ഇദ്ദേഹത്തിന്റെ പ്രായം 48 ആയിരുന്നു. തന്റെ ഹൽഖയിലുള്ള നാഇബ് സയിം അൻസാറുല്ലാഹ്, സെക്രട്ടറി തഹ്രീക് ജദീദ് എന്നീ നിലകളിലും സേവനം ചെയ്തുകൊണ്ടിരുന്നു. മസ്ജിദ് നൂറിലാണ് ശഹീദായത്. ജുമുഅ ദിവസം വേഗത്തിൽ തയ്യാറായി. സാധാരണയായി ഇദ്ദേഹത്തിന്റെ സഹോദരനാണ് ഇദ്ദേഹത്തെ കൊണ്ടുപോകാറുള്ളത്. കാരണം ഇദ്ദേഹത്തിന്റെ ഒരു കാല് പോളിയോ ബാധിച്ച് ബലഹീനതയുള്ളതായിരുന്നു. സഹോദരൻ വൈകുകയാണെങ്കിൽ സ്വയം വാനിൽ പോകുമായിരുന്നു. സംഭവം നടക്കുന്ന സമയത്ത് ആദ്യത്തെ സഫ്ഫിലിരുന്നു. തുടക്കത്തിൽ തന്നെ മൂന്നാല് വെടിയുണ്ട ഇദ്ദേഹത്തിന് കൊള്ളുകയും സംഭവസ്ഥലത്ത് വെച്ച്തന്നെ ശഹീദാവുകയുമുണ്ടായി.

ഭാര്യ പറയുന്നു. ശഹീദ് അഞ്ച് നേരം കൃത്യമായി നമസ്കരിക്കുന്ന ആളായിരുന്നു. ദിവസവും വളരെ ഉച്ചത്തിൽ വിശുദ്ധഖുർആൻ പാരായണം ചെയ്യുമായിരുന്നു. വികലാംഗനായിട്ടും തന്റെ ജോലി സ്വയം ചെയ്തിരുന്നു. ഖിലാഫത്തിനോട് അതിരറ്റ സ്നേഹമുണ്ടായിരുന്നു. തന്റെ കഴിവിനേക്കാളും അധികം ചന്ദ കൊടുക്കുന്ന ആളായിരുന്നു. ജമാഅത്തിന്റെ പല പുസ്തകങ്ങളും വായിച്ചിരുന്നു. വളരെയധികം ദുആ ചെയ്യുന്ന ആളായിരുന്നു. അല്ലാഹു ഇദ്ദേഹത്തിന്റെ പദവി ഉയർത്തുമാറാകട്ടെ.

മുഹമ്മദ് ഹുസൈൻ മല്ലി സാഹിബ്. ഇദ്ദേഹം മുഹമ്മദ് ഇബ്രാഹിം സാഹിബിന്റെ മകനായിരുന്നു. ശഹീദ് ജില്ല സിയാൽക്കോട്ടിലെ ഗാട്ടിയാലിയയുമായി ബന്ധമുള്ള ആളായിരുന്നു. ഇദ്ദേഹത്തിന്റെ പിതാവ് ബൈഅത്ത് ചെയ്ത് ജമാഅത്തിൽ ചേർന്നു. കുറച്ചുകാലം സിന്ധിൽ താമസിച്ചു. 34 വർഷമായി ലാഹോറിൽ തന്നെ താമസിക്കുകയായിരുന്നു. ഇദ്ദേഹത്തിന്ന് ജമാഅത്തിന്റെ

സ്കൂളുകളിൽ പഠിപ്പിക്കാനുള്ള അവസരം ലഭിച്ചു. ശഹീദാവുന്ന സമയത്ത് ഇദ്ദേഹത്തിന്റെ പ്രായം 68 ആയിരുന്നു. മസ്ജിദ് നൂറ് മാൽടൗണിൽ ശഹീദാവുകയുണ്ടായി. ലാഹോറിൽ കബറടക്കി.

സംഭവദിവസം ഏകദേശം 1 മണിക്ക് വീട്ടിൽ നിന്ന് സൈക്കിളിൽ പുറപ്പെട്ടു. മസ്ജിദ്നൂറിലെ ആദ്യത്തെ സഫ്ഫിൽ ഇരിക്കുകയായിരുന്നു. തീവ്രവാദിയുടെ അക്രമം കാരണം കൈക്കും വയറ്റിലും വെടികൊണ്ടു. കഠിനമായി മുറിവ് പറ്റി. മുറിവ് പറ്റിയ നിലയിൽ തന്നെ ആശുപത്രിയിൽ കൊണ്ടുപോയി. ഓപ്പറേഷൻ തിയറ്ററിൽ വെച്ച് ശഹീദായി. ഭാര്യ പറയുന്നു. 5 നേരം കൃത്യമായി നമസ്കരിച്ചിരുന്നു. തഹജ്ജുദ് കൃത്യനിഷ്ഠയോടുകൂടി അനുഷ്ഠിക്കാറുണ്ടായിരുന്നു. എല്ലാ നന്മയിലും മുൻകടക്കുമായിരുന്നു. ജോലി ഇലക്ട്രിഷനായിരുന്നു. ദരിദ്രരുടെ ജോലി കൂലി വാങ്ങാതെ ചെയ്തുകൊടുക്കുമായിരുന്നു. തന്റെ ഹൽഖയിലെ പള്ളി സ്വന്തം മേൽനോട്ടത്തിൽ പണികഴിപ്പിച്ചു. അല്ലാഹു ഇദ്ദേഹത്തിന്റെ പദവി ഉയർത്തുമാറാകട്ടെ.

മിർസാ മുഹമ്മദ് അമീൻ സാഹിബ് ശഹീദ്. ഇദ്ദേഹം ഹാജി അബ്ദുൽ കരീം സാഹിബിന്റെ മകനായിരുന്നു. ശഹീദിന്റെ പിതാവ് ജമ്മു കശ്മീരിൽ താമസിക്കുന്നയാളായിരുന്നു. 1952 ൽ അദ്ദേഹം ബൈഅത്ത് ചെയ്തുകൊണ്ട് ജമാഅത്തിൽ പ്രവേശിച്ചു. പിതാവ് ബൈഅത്ത് ചെയ്തതിനു കുറച്ച് ദിവസത്തിനു ശേഷം ശഹീദ് മർഹൂം ബൈഅത്ത് ചെയ്തു. ശഹാദത്ത് സമയത്ത് ഇദ്ദേഹത്തിന്റെ പ്രായം 70 ആയിരുന്നു. ദാറുദ്ദിക്റിൽ വെച്ച് ശഹീദായി.

പൊതുവിൽ ജുമുഅ ദാറുദ്ദിക്റിൽ തന്നെയാണ് അനുഷ്ഠിക്കാറുള്ളത്. ആദ്യ സഫ്ഫിൽ ഇരുന്നിരുന്നു. വെടിയുടേയും ഗ്രനേഡിന്റെയും ആക്രമണം കാരണത്താൽ കഠിനമായി മുറിവ് പറ്റി. 3 ദിവസം ആശുപത്രിയിൽ കിടക്കുകയുണ്ടായി. മെയ് 31-ാം തിയ്യതി ശഹീദാവുകയുണ്ടായി. ശഹീദാവുന്നതിന് 2 ദിവസം മുമ്പ് രാത്രി ഇദ്ദേഹം ഉറങ്ങുകയായിരുന്നു. പെട്ടെന്ന് കൈ രണ്ടും ഉയർത്തിയിട്ട് അല്ലാഹു അക്ബർ എന്ന് ചൊല്ലി എഴുന്നേറ്റു. നല്ല സ്വഭാവക്കാരനായിരുന്നു. എല്ലാവരോടും നല്ല രീതിയിൽ പെരുമാറുന്നയാളായിരുന്നു. ജമാഅത്തിയായ ജോലിയിൽ അങ്ങേയറ്റം ഭാഗഭാക്കാകാറുണ്ട്. പല ജമാഅത്തിയായ മത്സരങ്ങളിലും സമ്മാനം വാങ്ങിയിരുന്നു.

മലക് സുബൈർ സാഹിബ് ശഹീദ്. ഇദ്ദേഹം അബ്ദുറശിദ് സാഹിബിന്റെ മകനായിരുന്നു. ശഹീദ് ഫൈസലാബാദ് നിവാസിയായിരുന്നു. ഇദ്ദേഹത്തിന്റെ പിതാമഹൻ മലിക് അബ്ദുൽ മജീദ് ഖാൻ സാഹിബ് ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ കാലത്ത് അഹ്മദിയ്യത്ത് സ്വീകരിച്ചിരുന്നു. പക്ഷെ ഹദ്റത്ത് മസീഹ് മൗഊദ് عليه السلامനെ സിയാറത്ത് ചെയ്യാൻ സാധിച്ചിട്ടില്ല. ശഹീദ് വാബ്ടയിൽ ജോലി ചെയ്തു. റിട്ടയറിനു ശേഷം ലാഹോറിൽ വന്നു. ഫൈസലാബാദിലെ പള്ളിനിർമ്മാണത്തിൽ ഇദ്ദേഹത്തിന്റെ പിതാവിന്റെ പേര് മുൻപന്തിയിലായിരുന്നു. ആരംഭത്തിൽ ഹൽഖയിലെ മറ്റ് സെന്ററുകളിലാണ് ജുമുഅ നിർവ്വഹിച്ചുകൊണ്ടിരുന്നത്. പക്ഷെ മസ്ജിദ് നൂർ കണ്ടപ്പോൾ വളരെയധികം സന്തോഷിച്ചു. ഇവിടെ ആളുകൾ കൂടുതലായി ഒരുമിച്ചുകൂടുന്നു. മകനോട് എപ്പോഴും മസ്ജിദ് നൂറിൽ എന്നെ കൊണ്ടുവരണം എന്ന് പറയുമായിരുന്നു. ശഹാദത്ത് സമയത്ത് ഇദ്ദേഹത്തിന്റെ പ്രായം 61 ആയിരുന്നു. മസ്ജിദ്നൂറിൽ ഇദ്ദേഹം ശഹീദായി. ശഹീദ് മെയ്ൻ ഹാളിൽ ഇരിക്കുകയായിരുന്നു. മകൻ മറ്റൊരു ഹാളിലും. ഫയറിംഗിനിടയിൽ ഹാളിന്റെ നടുക്കുള്ള ഗ്രിൽസിന്റെയടുത്ത് ഇരിക്കുകയായിരുന്നു. മകൻ ഇദ്ദേഹത്തെ അന്വേഷിച്ചുകൊണ്ടിരിക്കുകയായിരുന്നു. മകൻ ഇദ്ദേഹത്തെ കണ്ടില്ല. പക്ഷെ ഇദ്ദേഹം മകനെ കണ്ടു എന്നിട്ട് പറഞ്ഞു. എവിടെക്കാണ് ഓടിപ്പോവുന്നത്. എന്തെങ്കിലും സംഭവിക്കുകയാണെങ്കിൽ നമ്മൾ ശഹീദാവും. നമ്മുടെ സഹോദരന്മാരോടൊത്ത് ശഹീദാവും. ഇതിന്നിടയിൽ അദ്ദേഹത്തിന്റെ നെഞ്ചിൽ വെടികൊണ്ടു. കഠിനമായി മുറിവ് പറ്റി. ഇതേ അവസ്ഥയിൽ ആശുപത്രിയിൽ കൊണ്ടുപോയി. അവിടെ ശഹീദായി. ഭാര്യ പറയുന്നു, നമസ്കാരത്തിൽ ശ്രദ്ധയുണ്ടായിരുന്നു. തഹജ്ജുദ് അനുഷ്ഠിക്കാറുണ്ടായിരുന്നു. തഹജ്ജുദ് ഒരിക്കലും ഉപേക്ഷിച്ചിട്ടില്ല. അധികസമയവും എം.ടി.എ കണ്ടുകൊണ്ടിരിക്കാറുണ്ടായിരുന്നു. ശഹീദിനെ പറ്റി പറയുകയാണ്, ക്ഷീണം കാരണം എപ്പോഴെങ്കിലും എഴുന്നേൽക്കാൻ വൈകിപ്പോയാൽ ആരെങ്കിലും എഴുന്നേൽപ്പിച്ചതുപോലെ എഴുന്നേൽക്കാറുണ്ടായിരുന്നു. നോക്കുക തഹജ്ജുദിന്റെ ശീലം കാരണം സമയത്ത് തന്നെ എഴുന്നേൽക്കാറുണ്ടായിരുന്നു. മകൻ വണ്ടി വാങ്ങിയപ്പോൾ അതിൽ റേഡിയോ, ടി.വി.യോ മറ്റൊ ഒന്നും തന്നെ ഉണ്ടാവാൻ പാടുള്ളതല്ലെന്ന് താക്കീത് ചെയ്തിരുന്നു. ഇതിന്നു പകരമായി സ്വലാത്തും, സുബഹാനല്ലയും ചൊല്ലിക്കൊണ്ടിരിക്കുക. സ്വന്തമായി അദ്ദേഹവും ഇങ്ങനെയാണ് ചെയ്തുകൊണ്ടിരുന്നത്. സഹോദരൻ പറയുന്നു. തെരുവീഥിയിലൂടെ നടന്നുപോകുമ്പോൾ ഇന്ന സ്ഥലത്ത് സ്വലാത്ത് ചൊല്ലുക ഇന്ന സ്ഥലത്ത് സുബ്ഹാനല്ലാഹ് എന്നു ചൊല്ലുകയെന്ന് പറയാറുണ്ടായിരുന്നു. മകൻ വണ്ടിയുടെ ഇൻഷുർ ചെയ്യാൻ പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു. ചെയ്തുകൊള്ളുക. പക്ഷെ ഇൻഷുറൻസിന്റെ ആളുകൾ ബലഹീനരാണ്. അതുകൊണ്ട് എല്ലാ മാസവും വണ്ടിയുടെ പേരിൽ ചന്ദ കൊടുക്കുക. എന്തുകൊണ്ടെന്നാൽ അല്ലാഹു കൂടുതലായി സംരക്ഷിക്കുന്നവനാണ്. ആയതിനാൽ ഈ കാര്യം പ്രാവർത്തികമാക്കാറുണ്ടായിരുന്നു. ബോക്സിംഗിന്റെ വളരെ നല്ല കളിക്കാരനായിരുന്നു. പല സമ്മാനങ്ങളും വാങ്ങിയിരുന്നു.

ചൗധരി മുഹമ്മദ് നവാബ് സാഹിബ് ശഹിദ്. ഇദ്ദേഹം ഗുലാം റസൂൽ സാഹിബിന്റെ മകനായിരുന്നു. ശഹീദിന്റെ പൂർവ്വപിതാക്കൾ സിയാൽക്കോട്ട് ജില്ലയിലെ ഉൻച്ചാ എന്ന സ്ഥലത്ത് താമസക്കാരായിരുന്നു. ഇദ്ദേഹത്തിന്റെ അമ്മായിയുടെ ഭർത്താവ് ഗുലാം റസൂൽ മുനീർ സാഹിബ് (റ) വും ഇദ്ദേഹത്തിന്റ് പിതാവ് ശാഹ് മുഹമ്മദ് മുനീർ സാഹിബ് (റ) യും ചന്ദർകെ മങ്കോലെ ജില്ല നാർവായിലെ താമസക്കാരായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് عليه السلامന്റെ സഹാബിയായിരുന്നു. ഇദ്ദേഹവും, ഇദ്ദേഹത്തിന്റെ ജ്യേഷ്ഠനും ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ) ന്റെ ഖിലാഫത്ത് കാല ത്ത് ബൈഅത്ത് ചെയ്യുകയുണ്ടായി. ഇതിനു മുമ്പ് ഗ്രാമത്തിൽ വാദപ്രതിവാദം നടത്തുകയുണ്ടായി. ഇതിന്റെ ഫലമായി ഇദ്ദേഹത്തിന്റെ കുടുംബവും ബൈഅത്ത് ചെയ്തു. ബി.എഡ് എടുത്തതിനു ശേഷം വിദ്യഭ്യാസ ഡിപ്പാർട്ടുമെന്റിൽ ജോലി ചെയ്തു. 1991 ൽ കശ്മീരിലെ ഗവൺമെന്റ് ഹൈസ്കൂളിലെ ഹെഡ്മാസ്റ്ററായിക്കൊണ്ട് റിട്ടയറായി. 1992 ഒക്ടോബറിൽ ലാഹോറിലേക്ക് താമസം

മാറി. തന്റെ ഹൽഖയിൽ മുഹാസിബായി സേവനം ചെയ്യാനുള്ള തൗഫീഖ് ലഭിച്ചു. ശഹാദത്ത് സമയത്ത് ഇദ്ദേഹത്തിന്റെ പ്രായം 80 ആയിരുന്നു. മസ്ജിദ് ദാറുദ്ദിക്റിൽ ശഹീദാവുകയുണ്ടായി.

മസ്ജിദ് ദാറുദ്ദിക്റിനോട് പ്രത്യേക ബന്ധമുണ്ടായിരുന്നു. പറയാറുണ്ടായിരുന്നു. ലാഹോറിൽ പഠിക്കുന്ന സമയത്ത് ദാറുദ്ദിക്റിന്റെ നിർമ്മാണം നടക്കുന്ന സമയമായിരുന്നു. അതുകൊണ്ട് വളരെയധികം വഖാറെ അമൽ ചെയ്തിരുന്നു. സംഭവദിവസം പുതിയ വസ്ത്രവും പുതിയ ഷൂവും ധരിച്ചിരുന്നു. ഏകദേശം ഒരു മണിക്ക് ദാറുദ്ദിക്റ് മെയ്ൻ ഗേറ്റിലെത്തി. കസേരയിലിരിക്കുകയായിരുന്നു. ഗ്രനേഡ് പോട്ടിയതുകാരണം ശഹീദായി. കുറച്ച് മാസം മുമ്പ് ഭാര്യ സ്വപ്നത്തിൽ കണ്ടു, നിങ്ങളുടെ ഭർത്താവിന് ജീവനുണ്ട്. മുബാറക് എന്ന് ശബ്ദം ഉണ്ടായി. ഭാര്യ പറയുന്നു. ഇദ്ദേഹം വളരെ നല്ല രീതിയിൽ സംസാരിക്കുന്നയാളായിരുന്നു. ആരോഗ്യവാനായിരുന്നു. വളരെയധികം ആക്ടീവായി തന്റെ പ്രായത്തേക്കാളും 20 വയസ്സ് കുറവാണെന്നാണ് തോന്നുക. തഅ്ലീം ഇസ്ലാം കോളേജിലെ റോയിംഗ് ടീമിന്റെ കേപ്റ്റനായിരുന്നു. ബഹുഭാഷാ പണ്ഢിതനായിരുന്നു. ജമാഅത്തിന്റെ പല പുസ്തകങ്ങൾക്കും പുറമെ മറ്റുള്ള പുസ്തകങ്ങളും വായിക്കാറുണ്ടായിരുന്നു.

ശേഖ് മുബശ്ശിർ അഹ്മദ് സാഹിബ് ശഹീദ്. ഇദ്ദേഹം ശേഖ് ഹമീദ് അഹ്മദ് സാഹിബിന്റെ മകനാണ്. ശഹീദിന്റെ പൂർവ്വപിതാക്കൾ ഖാദിയാനിലെ നിവാസികളായിരുന്നു. വിഭജനത്തിനുശേഷം റബ്വയിൽ വന്നു പിന്നീട് ലാഹോറിലേക്ക് താമസം മാറ്റി. 35 വർഷമായി ലാഹോറിൽ താമസിച്ചുവരികയായിരുന്നു. ഇദ്ദേഹത്തിന്റെ പിതാമഹൻ ശേഖ് അബ്ദു റഹ്മാൻ സാഹിബ് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് രണ്ടാമൻ (റ) ന്റെ കാലത്ത് ബൈഅത്ത് ചെയ്യുകയുണ്ടായി. ഹദ്റത്ത് മെഹർ ബിബ സാഹിബ (റ) ഇദ്ദേഹത്തിന്റെ ഉമ്മാമയായിരുന്നു. ശഹാദത്ത് സമയത്ത് ഇദ്ദേഹത്തിന്റെ പ്രായം 47 വയസ്സായിരുന്നു. മസ്ജിദ്നൂർ മൽടൗണിൽ ശഹീദായി. ബൈത്തുന്നൂറിലെ പിന്നിലുള്ള ഹാളിലെ മൂന്നാമത്തെ സഫ്ഫിലാണിരുന്നിരുന്നത്. തീവ്രവാദി വന്നപ്പോൾ വാതിലടക്കാൻ ശ്രമിച്ചു. പക്ഷെ വെടി ഇദ്ദേഹത്തിന്റെ വയറ്റിന്റെ വലതുഭാഗത്ത് കൊണ്ട് പുറത്തേക്ക് വന്നു. പിന്നീട് ഗ്രനേഡ് പൊട്ടിയപ്പോൾ കൂടുതൽ പരിക്കുപറ്റി. ചെവിയിൽ നിന്നും ദീർഘനേരം രക്തം വാർന്നുകൊണ്ടിരുന്നു. ഇതിനുശേഷം 2, 3 മണിക്കൂർ ജീവനുണ്ടായിരുന്നു. വയറ്റിൽ കൈവെച്ചുകൊണ്ട് സ്വന്തമായി ആബുലൻസ് വരെ നടന്നു ആശുപത്രിയിൽ പോകുന്നവഴിയിൽ ശഹീദായി. സംഭവദിവസം ഇദ്ദേഹത്തിന്റെ അവസ്ഥ ജുമുഅക്ക് പോവാൻ പറ്റിയതായിരുന്നില്ല. പക്ഷെ അല്ലാഹു ശഹാദത്തിന്റെ പദവി നൽകേണ്ടതായിരുന്നു. മസ്ജിദ് നൂറിൽ എത്തുകയുണ്ടായി. ശഹീദ് എല്ലാ ജുമുഅക്കും രോഗിയായ തന്റെ ഭാര്യാപിതാവിനെ പള്ളിയിൽ കൊണ്ടുപോകുമായിരുന്നു. സംഭവദിവസം ഇദ്ദേഹത്തിന്റെ ആരോഗ്യം നല്ലതല്ലായിരുന്നു. അതുകൊണ്ട് ഇന്ന് ഞാൻ ജുമുഅക്ക് വരുന്നില്ലെന്ന് പറഞ്ഞു. ഒറ്റക്ക് ജുമുഅക്ക് വേണ്ടി പുറപ്പെട്ടു. വഴിയിൽ വെച്ച് വണ്ടി കേടായി. വണ്ടി വർക്ക് ഷോപ്പിൽ കൊണ്ടുപോയി. അവിടെ എത്തി ജോലിയെടുക്കാൻ തുടങ്ങിയതേയുള്ളു കറന്റ് പോയി. പുറത്തേക്ക് വന്നപ്പോൾ സഹോദരനെ കണ്ടു അദ്ദേഹം പറഞ്ഞു. എനിക്കും ജുമുഅയിൽ പങ്കെടുക്കണം എന്നെയും കൊണ്ടുപോവുക. പറഞ്ഞുകൊണ്ടിരിക്കുന്നതിനിടയിൽ കറന്റ് വന്നു. പക്ഷെ കറന്റ് വന്നിട്ടും ജോലി ചെയ്യാതെ ജുമുഅക്ക് പോകുകയുണ്ടായി. ജോലിയെടുക്കുകയാണെങ്കിൽ സമയം പോകുന്നത് അറിയില്ലായിരുന്നു. ഭാര്യ പറയുന്നു. മാതൃകാപരമായ ഭർത്താവായിരുന്നു. ഞങ്ങളുടെ കല്ല്യാണം കഴിഞ്ഞിട്ട് ഏകദേശം 20 വർഷമായിരുന്നു. ജോയിന്റ് ഫാമിലിയായിരുന്നു. ഭർത്താവ് എല്ലാവരേയും ശ്രദ്ധിക്കാറുണ്ടായിരുന്നു. ആർക്കും ഒരു പരാതിക്കും അവസരം കൊടുക്കാറില്ല. ഇദ്ദേഹത്തിന്റെ ഭാര്യാസഹോദരി ശഹാദത്തിനു മുമ്പ് സ്വപ്നത്തിൽ കണ്ടു മുബശ്ശിർ അഹ്മദ് വെള്ള വണ്ടിയിലാണ്. അത് ആകാശത്തിൽ പോയിക്കൊണ്ടിരിക്കുന്നു. ഇദ്ദേഹത്തിന്റെ ശഹാദത്തിന്റെ 2 ദിവസത്തിനു ശേഷം ഇദ്ദേഹത്തിന്റെ മകൾ മറിയ മുബശ്ശിർ സ്വപ്നത്തിൽ കണ്ടു. പിതാവ് വാതിലിൽ ചിരിച്ചുകൊണ്ട് നിൽക്കുകയായിരുന്നു. സുഖം തന്നെയല്ലെയെന്ന് ചോദിച്ചു. പറഞ്ഞു, സുഖം തന്നെയെന്ന്, ഞാൻ നിന്റെയടുത്ത് തന്നെയുണ്ട്. ശഹീദ് ലളിതപ്രകൃതക്കാരനായിരുന്നു. കരുണ കാണിക്കുന്നയാളായിരുന്നു. ദരിദ്രരോട് ദയ കാണിക്കാറുണ്ട്, സ്നേഹിക്കാറുണ്ട്. വലിയവരേയും ചെറിയവരേയും ആദരിക്കാറുണ്ടായിരുന്നു. അല്ലാഹു ഈ എല്ലാ ശുഹദാക്കളുടേയും പദവി ഉയർത്തുമാറാകട്ടെ. ഇവരുടെ സംരക്ഷകനായി മാറട്ടെ. ജീവിച്ചിരിക്കുന്ന ഇവരുടെ മാതാപിതാക്കൾക്ക് ധൈര്യം നൽകുമാറാകട്ടെ. ഇവരുടെ സന്താനങ്ങളുടെ ഈമാൻ ദൃഢീകരിക്കുമാറാകട്ടെ. അടുത്ത തലമുറയും ക്ഷമയോടും വിശ്വസ്തതയോടും ദീനിൽ നിലനിൽക്കുന്നവരായി മാറട്ടെ. അല്ലാഹു എപ്പോഴും ഇവരെ തന്റെ സംരക്ഷണത്തിൽ വെക്കുമാറാകട്ടെ.


വിവർത്തനം
എം. സഫർ അഹ്മദ്
മുബല്ലിഗ് – മാത്തോട്ടം, **PHONE : 9633275123**

**KHUTHBA:**

**HADHRAT MIRZA MASROOR AHMAD**
**KHALIFATHUL MASIH - V**
**on 25 - 06 - 2010 at**
**Germany**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kozhikode
Published by : **Majlis Khuddamul Ahmadiyya, Kerala**